ക്രിസ്ത്യാനിയുടെ

സ്വാനമഹിമ

ക്രിസ്ത്യാനിയുടെ സ്ഥാനമഹിമ

ക. നി. മൂ. സ. പ്രസിദ്ധീകരണസംഘം



L. F. Press, Thevara, 1947.

NIHIL OBSTAT

Fr. Gregory T. O. C. D.

Fr. Gervase T. O. C. D.

Ampazhakad,
23—1—'47.

IMPRIMI POTEST

Fr. John of Jesus Mary T. O. C. D.

PRIOR GENERAL.

P. G. House,
Ernakulam.
28—1—'47

Imprimatur

† George Alapatt

Bp. of Trichur.

Trichur,
26—2—'47

ക്രിസ്ത്യാനിയുടെ സ്ഥാനമഹിമ

മനുഷ്യർ സ്വന്ത കുലമാഹാത്മ്യത്തെപ്പറ്റി സ്വയം പ്രശംസിക്കയും ഉള്ളതിലധികം കാണിക്കുകയും ചെയ്യുന്നതു് സർവ്വ സാധാരണമാണു്. ആഭിജാത്യത്തിനു ചേരാ ജീവിതരീതി സ്വീകരിക്കുന്നതിലും മനുഷ്യർ സാമാന്യമായി ഉത്സാഹം പ്രദർശിപ്പിക്കാറുണ്ടു്. എന്നാൽ സ്വാഭാവികജീവനപുറമെ ഒരു സ്വഭാവാതീത ജീവൻകൂടി നമുക്കുണ്ടെന്നു നാം വിശ്വസിക്കുന്നവെങ്കിലും, ആ ജീവൻ നമ്മെ എത്രവളരെ ഉയർത്തിയിരിക്കുന്നുവെന്നു പലരും അധികം ചിന്തിക്കാറില്ല. ഇതു വഴിയായി നമ്മുടെ പിതാവായ ദൈവത്തിന്റെ മക്കളും, സുതനായ ദൈവത്തിന്റെ സഹോദരന്മാരും കൂട്ടവകാശികളും, പരിശുദ്ധാത്മാവായ ദൈവത്തിന്റെ സജീവ ആലയങ്ങളും ആയിരിക്കുന്നു. ഈ മഹനീയ സ്ഥാനമാണു് ഈ ധ്യാനത്തിന്റെ വിഷയം.

ഒന്നാം ധ്യാനം

നമ്മുടെ പിതാവായ ദൈവത്തിന്റെ പുത്രൻ

ശ്രുപീകരണം:- പിതാവായ ദൈവം പിതൃസഹജമായ വാത്സല്യത്തോടെ നമ്മെ സൂക്ഷിച്ചുകൊണ്ടിരിക്കുന്നതായി ശ്രുപീകരിക്കുക.

അഭ്യർത്ഥന:- ദൈവത്തിന്റെ പുത്രന്മാർ എന്നുള്ള നമ്മുടെ സ്ഥാനമഹത്വം ശരിയായി ഗ്രഹിച്ചു തന്നെ സരണം വർത്തിക്കുന്നതിനുവേണ്ട അനുഗ്രഹം അപേക്ഷിക്കുക.

ധ്യാനം:– നാം തീരെ നിസ്സാരന്മാരാണ്. സ്വയമായി നമ്മിൽ വെറും ശൂന്യതയത്രെ. നമുക്കു ആസ്തിക്യവും, വിശേഷ ബുദ്ധിയും, സ്വതന്ത്രമനസ്സുമൊക്കെ പ്രദാനം ചെയ്തുകൊണ്ട് സ്വന്തസാദൃശ്യത്തിൽ ദൈവം നമ്മെ സൃഷ്ടിച്ചു, പോരാ, തന്റെ തുച്ഛമായ ഒരു സാദൃശ്യത്തിൽ മാത്രം സൃഷ്ടിച്ചിരിക്കുന്ന നമ്മെ തന്റെ മക്കളായി ദത്തെടുത്തു് ഉയർത്തുവാൻകൂടി അവിടുന്നു തീർച്ചയാക്കി. "അടിമത്തത്തിന്റെ ആത്മാവിനെയല്ല ദത്തിനായി നിങ്ങൾ വീണ്ടും കൈക്കൊണ്ടിരിക്കുന്നതു്; മറിച്ചു് (ദൈവത്തെ) അബ്ബാ–ഞങ്ങളുടെ പിതാവേ–എന്നു നാം വിളിക്കുന്ന പുത്രസ്വീകാരത്തിന്റെ ആത്മാവിനെയത്രെ നിങ്ങൾ കൈക്കൊണ്ടിരിക്കുന്നതു്." എന്നു വി. പൌലോസ് എഴുതിയിരിക്കുന്നു. ഈ പുത്രസ്വീകാരമാകട്ടെ മനുഷ്യരുടെ ഇടയിലുള്ള സമ്പ്രദായത്തെ അതിശയിക്കുന്ന ഒന്നാണെന്നത്രെ വി. തോമാ അകപീനാസിന്റെ അഭിപ്രായം. നൈയ്യാമികരുടെ പുത്രസ്വീകരണത്തിൽ (Legal adoption) പുത്രൻ എന്നു വിളിക്കപ്പെട്ടാലും, പുത്രന്റെ അവകാശങ്ങൾ ലഭിച്ചാലും പിതാവിന്റെ സ്വഭാവത്തിൽ ദത്തുപുത്രനു പങ്കു ലഭിക്കുന്നില്ല; സാക്ഷാലുള്ള പുത്രൻ ആയിത്തീരുന്നുമില്ല. എന്നാൽ പ്രസാദവരം മൂലമുള്ള ഈ ദത്തെടുപ്പു വഴിയായി, വി. പത്രോസ് ശ്ലീഹാ സാക്ഷിക്കുന്നതുപോലെ, "ദൈവസ്വഭാവത്തിന്റെ പങ്കുകാരായിത്തീരുന്നതിനുള്ള" (II Pet. I. 4) ഒരു മഹാഭാഗ്യമാണ് നമുക്കു ലഭിക്കുന്നതു്. ഇതിനാലത്രെ "പിതാവിനു നമ്മോടുള്ള സ്നേഹം എത്രയധികമെന്നു നോക്കുവിൻ. അവിടുന്നു നമ്മെ പുത്രന്മാരെന്നു വിളിക്കുകയും നമ്മെ അങ്ങനെ ആക്കിത്തീർക്കുകയും ചെയ്തു" (I Jn. III. I) എന്നു വി. യോഹന്നാൻ എഴുതിയിരിക്കുന്നതു്.

അപ്പോൾ അയോഗ്യനും നിസ്സാരനും എന്നല്ല വെറും ഇല്ലായ്മതന്നെയുമായ ഞാൻകൂടെയും ദൈവത്തിന്റെ മകനാണ്! അതെ, ഈ വസ്തുത എന്നെ എത്രതന്നെ വിസ്മയിപ്പിച്ചാലും അതു അത്രമാത്രം സത്യമാണ്. ഞാൻ എന്റെ അപ്പന്റെ മകനാണെന്നുള്ളതുപോലെ തീർച്ചയാണ് ഞാൻ പിതാവായ ദൈവത്തിന്റെ മകനാണെന്നുള്ളതും. എന്നാൽ ഈ ബന്ധം മറ്റേതിനേക്കാൾ ഉൽകൃഷ്ടമാണെന്നതും. "നിങ്ങൾ ദേവന്മാരും അത്യുന്നതന്റെ സുതന്മാരുമാകുന്നു." (Ps. 82) എന്നു നമ്മെപ്പറ്റി പറയപ്പെട്ടതിക്കവണ്ണം നാം അത്ര വളരെ ഉയർത്തപ്പെട്ടിരിക്കുന്നു. സുവിശേഷത്തിൽ ആദ്യന്തം ഈ ആശയം കലർന്നിരിക്കുന്ന

തായി കാണാം. (ദൈവം നമ്മുടെ പിതാവാണെന്നുള്ള സത്യം സ്വർഗ്ഗീയ ശിഷ്യരുടെ ബോധത്തിൽ ആഴമായി പതിക്കുവാൻ ന. ദി വ്യരക്ഷകൻ സദാ ശ്രമിച്ചിരുന്നു. തന്റെ രഹസ്യസംഭാഷണങ്ങളിലും പരസ്യപ്രസംഗങ്ങളിലും ദൈവത്തെ "പിതാവു്" അതും "നമ്മുടെ പിതാവു്, നിങ്ങളുടെ പിതാവു്" എന്നിങ്ങനെ സംബോധന ചെയ്യുന്നതിൽ ഒരു പ്രത്യേക ഔൽസുക്യം താൻ പ്രദർശിപ്പിച്ചിരുന്നു. മലയിലെ പ്രസംഗത്തിൽത്തന്നെ 15 പ്രാവശ്യം അങ്ങനെ പ്രസ്താവിച്ചിട്ടുണ്ടു്. അന്ത്യഭോജനവേളയിലാകട്ടെ ദൈവത്തെ പിതാവെന്നുള്ള തിരുനാമത്താൽ 50-ൽ പരം പ്രാവശ്യം അവിടുന്നു സംബോധന ചെയ്തിട്ടുള്ളതായി കാണുന്നു. സ്വർഗ്ഗത്തിലിരിക്കുന്ന പിതാവിനെക്കുറിച്ചു ഈശോ ഒടുവിലത്തെ അത്താഴം കഴിഞ്ഞു സംസാരിച്ചുകൊണ്ടിരിക്കവേ, പീലിപ്പോസ് "കർത്താവെ, പിതാവിനെ ഞങ്ങൾക്കു കാണിച്ചുതരിക, ഞങ്ങൾക്കു അതു മതി" എന്നു പറഞ്ഞു. (Jo.XIV. 8.) വേറൊന്നും വേണ്ട; ആ പിതാവിനെ ഒന്നു കണ്ടാൽ മതി. എന്നു പറയണമെങ്കിൽ ആ നാമം എത്ര അവരെ ആകർഷിച്ചിട്ടുണ്ടാവണം! ഈശോ എത്ര ഹൃദ്യമായി പിതാവിനെക്കുറിച്ചു സംസാരിച്ചിട്ടുണ്ടാവണം! എന്നാൽ അതിൽ വിസ്മയിക്കേണ്ടതില്ല. ദൈവവും മനുഷ്യനും തമ്മിലുണ്ടായിരുന്നതും, മനുഷ്യൻ തന്റെ സ്വാതന്ത്ര്യദുഷ്പ്രയോഗത്താൽ നഷ്ടപ്പെടുത്തിയതുമായ പിതൃപുത്രബന്ധത്തെ പുനഃസ്ഥാപിക്കുന്നതിനാണല്ലൊ മ്ശിഹാ വന്നതു്. അതുകൊണ്ടു ഈ ബോധ്യം അവർക്കുണ്ടാകുവാനായിരുന്നു അവിടുന്നു ഇത്ര അധ്വത്തിച്ചുവത്തിച്ചു പിതാവെന്ന നാമത്തിൽ ദൈവത്തെ സംബോധന ചെയ്തിരുന്നതു് എന്നു വിചാരിക്കാം.

സർവ്വശക്തനായ ദൈവം നമ്മുടെ പിതാവാണെന്നുള്ള സ്മരണ എത്രയും ആശ്വാസസംതൃപ്തികരവും, സന്തോഷപ്രദവും, നമ്മുടെ ജീവിതത്തിനു ഒരു നവചൈതന്യം നൽകുന്നതും, ആത്മീയാർജ്ജികമായി നമ്മെ വളരെ ഉയർത്തുന്നതുമായ ഒന്നാകയാലാണു് ഈ സത്യം നമ്മുടെ ഹൃദയങ്ങളിൽ ആഴമായി പതിയണമെന്നു നമ്മുടെ ദിവ്യഗുരു ഇത്രയധികം ആഗ്രഹിക്കുന്നതു്. ഡി. അഗസ്റ്റീനോസ് പറയുന്നു: "Habetis Patrem" നിങ്ങൾക്കു ഒരു പിതാവുണ്ടു്. ദൈവം നിങ്ങളെ തന്റെ മക്കളാക്കിയിരിക്കുന്നു. "Habetis Patriam" നിങ്ങൾക്കു ഒരു പിതൃഭൂമിയുണ്ടു്. സ്വർഗ്ഗമാണു് നിങ്ങളുടെ സ്വദേശം, നിത്യഭവനം. "Habetis Patrimonium" നിങ്ങൾക്കു പിതൃധനവും ഉണ്ടു്. പിതാവായ

ദൈവം പ്രസാദവരമെന്ന അമൂല്യനിക്ഷേപം നിങ്ങൾക്കു പ്രദാനം ചെയ്തുകൊണ്ട് തന്റെ സ്വന്ത ജീവനിൽത്തന്നെ നിങ്ങളെ ഓഹരിക്കാരാക്കി. നമ്മെ അത്യമായും സ്നേഹിക്കുന്ന പുത്രവത്സലനും, സർവ്വശക്തനും സർവജ്ഞനുമായ ഒരു പിതാവ്, നമുക്കു എന്നും സസുഖം വസിക്കുന്നതിന് അതിമനോഹരമായ ഒരു ഭവനം, അവിടേക്കു നമ്മെ നയിക്കുന്നതിനുവേണ്ടി നമ്മിലുള്ള ആ പിതാവിന്റെ വിസ്മയാവഹമായ അധിവാസം, ഇവയാത്മാർത്ഥങ്ങൾ പോരയോ നമ്മെ സന്തോഷവാന്മാരാക്കുവാൻ? ഈ ചിന്ത എത്ര വലിയ സന്തോഷം, എത്ര വലിയ ധൈര്യം, എത്രവലിയ ശക്തി ആണ് നമുക്കു നൽകിയിരിക്കുന്നത്! എല്ലാം നഷ്ടപ്പെടട്ടെ, സകല ഞെരുക്കങ്ങളും നമ്മെ ആവരണം ചെയ്യട്ടെ. സകലരും നമുക്കെതിരായിരിക്കട്ടെ. തെല്ലും ഭയപ്പെടേണ്ടതില്ല. "Who hath God wanteth nothing" "ദൈവം ഉള്ളവനു യാതൊരു കുറവുമില്ല." എന്നു വി. അമ്മത്രേസ്യാ പറയുന്നു. അവാച്യമായ പീഡനങ്ങളുടെ മദ്ധ്യേ വി. പൌലോസ്, "ഞാൻ ആശ്വാസംകൊണ്ടും നിറഞ്ഞിരിക്കുന്നു. എന്റെ എല്ലാ ഞെരുക്കങ്ങളിലും വലുതായ സന്തോഷം എന്നിൽ വർദ്ധിക്കുന്നു." (II cor. VII. 4.) എന്നെഴുതുകയുണ്ടായി. വി. പൌലോസിനും വി. അമ്മത്രേസ്യാക്കും മറ്റു വിശുദ്ധാത്മാക്കൾക്കും സജീവവിശ്വാസമുണ്ടായിരുന്നു. "ദൈവത്തിന്റെ ദാനം" അവർ നന്നായി ഗ്രഹിച്ചു. ചെറുതും ബാഹ്യമായിട്ടോ ക്ഷുദ്രമായിട്ടോ അല്ല; അതിന്റെ യാഥാർത്ഥ്യം മുഴുവൻ അവർ മനസ്സിലാക്കി. സകല ഞെരുക്കങ്ങളിലും അവരെ കരുണാപൂരസ്സരം വീക്ഷിക്കുന്ന ഒരു പിതാവു അവരോടുകൂടിയുണ്ടെന്നു അവർക്കു നല്ലവണ്ണമറിയാമായിരുന്നു. അതായിരുന്നു അവരുടെ സന്തോഷഹേതു.

"പിതാവു" എന്ന ശബ്ദം ഒരു കുഞ്ഞിന്റെ ഹൃദയത്തിൽ ഉദിപ്പിക്കുന്ന വികാരവിശേഷങ്ങളും അതിലധികവും "സ്വർഗ്ഗസ്ഥനായ പിതാവു" എന്ന മാധുര്യനാമം നമ്മിൽ ഉളവാക്കുന്നു. സ്വസന്താനങ്ങളുടെ സുഖതൽപരമായ അഭിവൃദ്ധിയിലുള്ള ആകാംക്ഷ, അവരുടെ സുഖസൗകര്യാദികളിലും സന്തോഷത്തിലുമുള്ള അതിവാഞ്ഛ, അവരുടെ ശ്രേയസ്സിനുവേണ്ടി എന്തും ചെയ്യുന്നതിനും എന്തും സഹിക്കുന്നതിനുമുള്ള സന്നദ്ധത, എന്നിങ്ങനെ പിതൃവാത്സല്യത്തിന്റെ നിരവധി ഫലങ്ങളെ നാംതന്നെ അനുഭവിച്ചിട്ടുള്ളതാണല്ലൊ. ഒരു ഭൗമികപിതാവിൽ പ്രിയംകരങ്ങളായ എന്തെല്ലാം ഗുണവിശേഷങ്ങളുണ്ടൊ, അവയെല്ലാം അപരി

മിതമായി സ്വർഗ്ഗീയപിതാവിലുണ്ട്. കാരണം, സ്വർഗ്ഗീയപിതാവിന്റെ പിതൃവാത്സല്യത്തിന്റെ ഒരു പൊരി, ഒരു നിഴൽ, ഒരു പ്രതിഫലനം മാത്രമാണ് ഒരു ഭൗമിക പിതാവിൽ നാം കാണുന്നതു്. "സ്വർഗ്ഗത്തിലും ഭൂമിയിലുള്ള സകല പിതൃതവും ആരിൽനിന്നു നാമകരണം പ്രാപിച്ചിരിക്കുന്നുവോ, നമ്മുടെ കർത്താവീശോമശിഹായുടെ ആ പിതാവു" എന്നാണ് സ്വർഗ്ഗീയപിതാവിനെപ്പറ്റി വി. പൗലോസ് എഴുതിയിരിക്കുന്നതു്. (Eph. III. 14. 15.) പുത്രവാത്സല്യനായ ഈ പിതാവിനെ വിദേശവാസം കഴിക്കുന്ന തന്റെ കുഞ്ഞാടുകളായ നമ്മുടെ സൗഭാഗ്യത്തിലുള്ള താല്പര്യവും ശ്രദ്ധയും ആർക്കു വിവരിക്കുവാൻ കഴിയും! അവിടുന്നുതന്നെ അരുളിച്ചെയ്യുന്നു: "ഒരു അമ്മ അവളുടെ കുഞ്ഞിനെ ലാളിക്കുന്നതുപോലെ നിന്നെ ഞാൻ ലാളിച്ചു സന്തോഷിപ്പിക്കും. എന്റെ മുട്ടുകാലിന്മേൽവച്ചു നിന്നെ ഞാൻ താലോലിക്കയും ചെയ്യും." (Is. LXVI. 13.) "ഒരു സ്ത്രീക്കു തന്റെ ഉദരഫലമായ ശിശുവിനെ മറക്കുവാൻ സാധിക്കുമോ? അവൾ ഒരുപക്ഷെ മറന്നാലും ഞാൻ നിന്നെ മറക്കുകയില്ല." (Is. XLIX. 15.) "എന്റെ സന്തോഷം മനുഷ്യമക്കളോടുകൂടെയിരിക്കുന്നതാകുന്നു." (Prov. VIII. 31.) "നിത്യസ്നേഹത്താലെ നിന്നെ ഞാൻ സ്നേഹിച്ചു" (Jer. XXXI. 10.) എന്നിങ്ങനെ ഈ വത്സല പിതാവിന്റെ സ്നേഹത്തെ കുറിക്കുന്ന വാക്യങ്ങൾ വി. ലിഖിതത്തിൽ സുലഭങ്ങളാണു്. "ആകാശത്തിലെ പറവകളെ പോറ്റുകയും വയലിലെ ശോശന്നകളെ വളർത്തുകയും" ചെയ്യുന്ന നമ്മുടെ പിതാവു് നമുക്കുവേണ്ടതെല്ലാം അവശ്യമുണ്ടെന്നറിയുകയും അവയെല്ലാം നമുക്കു കൂട്ടിച്ചേർത്തുതരികയും ചെയ്യുന്നു. (Mt. VI. 26 391.) എന്നാണു് നമ്മുടെ ദിവ്യഗുരുനാഥൻ നമ്മെ പഠിപ്പിച്ചിട്ടുള്ളതു്. ദോഷികളായ മനുഷ്യർ തങ്ങളുടെ മക്കൾക്കു നല്ല ദാനങ്ങൾ കൊടുക്കുന്നതിനറിഞ്ഞിരിക്കുന്നെങ്കിൽ സ്വർഗ്ഗത്തിലുള്ള നമ്മുടെ പിതാവു് എത്ര അധികമായി നന്മകൾ നൽകും? എന്നു അവിടുന്നു ശിഷ്യരോടു ചോദിക്കുകയുണ്ടായി. (Mt. VII. 2.) എന്തിനേറെ ദൈവത്തിന്റെ ദൈവികപരിപാലനയിൽ നമുക്കുണ്ടാകേണ്ട പ്രതീക്ഷയ്ക്കു അതിരുവയ്ക്കുന്നതെന്നു കാണിക്കുവാൻ ഈശോ അരുളിച്ചെയ്യുന്നു: ഒരു കാശിനു രണ്ടു കുരികിലുകളെ വില്പനപ്പെടുന്നില്ലയൊ? അവയിൽ ഒന്നുപോലും നിങ്ങളുടെ പിതാവിന്റെ അറിവുകൂടാതെ നിലത്തു വീഴുന്നില്ല. നിങ്ങളുടെ തലയിലെ മുടികളെല്ലാടെയും എണ്ണപ്പെട്ടിരിക്കു

ന്നു. അതുകയാൽ നിങ്ങൾ ഭയപ്പെടേണ്ട. വളരെ കുരികിലുകളേക്കാൾ നിങ്ങൾ ശ്രേഷ്ഠതയുള്ളവരാണല്ലൊ." (Mt. X. 29, 30. 31.) "ദൈവം അവിടുത്തെ കൺമണിപോലെ അവനെ (അതായതു സ്വജനത്തെ) കാത്തു." (Denk XXXII. 10.) എന്നു മൂശയും, "സൈന്യങ്ങളുടെ കർത്താവു് ഇങ്ങനെ പറയുന്നു: നിങ്ങളെ തൊടുന്നവൻ എന്റെ കൺമണിയെ തൊടുന്നു." (Zach. II. 8.) എന്നു സ്സഖറിയായും എഴുതിയിരിക്കുന്നു. നോക്കുക, സ്വർഗ്ഗീയ പിതാവിനു നമ്മുടെ കാര്യത്തിൽ എത്ര ശ്രദ്ധയുണ്ടെന്നു്.

സ്വാഭാവികമായി എന്റെ അവസ്ഥ എന്തായാലും ഞാൻ "ജലത്താലും പരിശുദ്ധാത്മാവിനാലും വീണ്ടും ജനിച്ചതിനാൽ" (Jn III 5.) സ്വാഭാവിക ജീവനംപുറമെ ഒരു നവജീവൻ—സ്വർഗ്ഗീയപിതാവിന്റെ ജീവനിലുള്ള ഭാഗഭാഗിത്വംതന്നെ—എനിക്കു ലഭിച്ചിരിക്കുന്നതിനാൽ, ഈ പിതാവിനൊ എന്റെ മഹനീയ സ്ഥാനത്തിനൊ അയോഗ്യമായ യാതൊന്നും എന്നിൽ ഉണ്ടാകാതെ ഒരുന്നതകുലജാതനെപ്പോലെ എന്റെ മഹനീയ അന്തസ്സു" ഞാൻ പാലിച്ചുകൊണ്ടു പോകേണ്ടതാണു്. "നമ്മുടെ സംവാസമോ സ്വർഗ്ഗത്തിലാകുന്നു." (Phil. III. 20.) എന്നുള്ള പി. പൌലോസിന്റെ പ്രബോധനമനുസരിച്ചു് ഇനി എന്റെ സംസർഗ്ഗം എന്റെ സ്വർഗ്ഗസ്ഥപിതാവിനോടുകൂടെ ആയിരിക്കേണ്ടതുമാണു്. ഒരു ഉയർന്നകുടുംബത്തിലേക്കു ദത്തെടുക്കപ്പെട്ടവൻ എത്ര ഹീനജാതിയിൽപ്പെട്ടവനായിരുന്നാലും ഉയർന്ന വംശജന്റെ സമ്പ്രദായത്തിൽ വ്യാപരിക്കുന്നതിനു് ശീലിക്കയും അവനു സുപരിചിതമല്ലാത്ത ഒരന്തരീക്ഷത്തിൽ പരിചയം സമ്പാദിച്ചു അതിവേഗം പഴയതൊക്കെയും മാറി ഉന്നതകുലജാതനെപ്പോലെ വർത്തിക്കുകയും ചെയ്യുന്നതുപോലെ, സ്വർഗ്ഗീയപിതാവിന്റെ സഭാവത്തിൽത്തന്നെ പങ്കുപറ്റിക്കൊണ്ടു സാക്ഷാൽ തന്റെ മകനായിത്തീർന്നിരിക്കുന്ന ഞാൻ എന്റെ സമ്പ്രദായങ്ങളും എത്രയും ഉൽകൃഷ്ടമാക്കേണ്ടിയിരിക്കുന്നു. എന്റെ വാക്കുകളും പ്രവൃത്തികളും നിസ്സാരചിന്തകളുടെയും എന്നല്ല വിചാരങ്ങൾപോലും എന്റെ മഹനീയാന്തസ്സിനു അനുയോജ്യമല്ലാത്തപക്ഷം ഞാൻ എന്റെ പിതാവിനു വലിയ അപമാനം വരുത്തിക്കൂട്ടുകയാണു് ചെയ്യുന്നതു്. ഇവയെല്ലാം പരിശോധിച്ചു ക്രമപ്പെടുത്തുവാൻ ഇനി ഒട്ടും അമാന്തിക്കരുതാത്തതാകുന്നു. "സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവു പൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പൂർണ്ണരായിരിക്കുവിൻ" (Mt. V. 48) എന്നാണല്ലൊ നമ്മുടെ ദിവ്യഗുരു

പരേശിക്കുന്നതു്. ഇതിൽ കവിഞ്ഞ ഒരു പൂണ്ണത എനിക്കു അനുയോജ്യമല്ലതന്നെ. ഇക്കാര്യത്തിൽ എനിക്കു വന്നിട്ടുള്ള വ്യതിയാനത്തെപ്പറ്റിയും അധഃപതനത്തെപ്പറ്റിയും അനുതപിച്ചു ധൂർത്തപുത്രനോടുകൂടി "പിതാവെ, സ്വർഗ്ഗത്തിനെതിരായും നിന്റെ മുമ്പാകെയും ഞാൻ പാപം ചെയ്തുപോയി. നിന്റെ മകൻ എന്നു വിളിക്കപ്പെടുവാൻ ഞാൻ യോഗ്യനല്ല എന്നു ഏറ്റുപറഞ്ഞുകൊണ്ടു് ആ നല്ല പിതാവിന്റെ തൃപ്പാദങ്ങളെത്തന്നെ ആശ്രയിക്കുകയേ ഇനി നിവൃത്തിയുള്ളു. ധൂർത്തപുത്രന്റെ പിതാവു് അവനെ സ്വീകരിച്ചതിൽ കൂടുതൽ അനുഗ്രഹത്തോടുകൂടി ആ "കരുണയുടെ പിതാവു്" (II cor. I. 3) എന്റെ കാവുകളെ ക്ഷമിച്ചു തന്റെ തിരുമടിയിൽത്തന്നെ എനിക്കു ഒരു സ്ഥാനം നൽകാതിരിക്കയില്ല.

എന്റെ സ്നേഹനാഥനായ ഈശോയെ, ഞാൻ സ്വർഗ്ഗീയ പിതാവിന്റെ മകനാണെന്നുള്ള വസ്തുത ഒരിക്കലും വിസ്മരിക്കാതെ ഈ മഹനീയ യാഥാർത്ഥ്യത്തിൽ സദാ എവിടെയും ജീവിക്കുവാൻ വേണ്ടി ആ നല്ല പിതാവിനെ എനിക്കും കാണിച്ചുതരേണമെ. എനിക്കു അതു മതി. എന്നാൽ അങ്ങെ കാണുന്നവൻ പിതാവിനെയും കാണുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ടു് എവരും എന്റെ സൽപ്രവൃത്തികളും ഉത്തമനടപടികളുംകൊണ്ടു സ്വർഗ്ഗസ്ഥനായ എന്റെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിനു എന്റെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കത്തക്കവണ്ണം ഞാൻ അങ്ങയേയും, അങ്ങുവഴിയായി പിതാവിനെയും സദാ ദർശിച്ചുകൊണ്ടു ജീവിക്കുവാൻ എനിക്കു നീ കൃപ ചെയ്യേണമെ—എന്റെ അമ്മേ, പിതാവായ ദൈവത്തിന്റെ മുമ്പിൽ നടന്നു പൂണ്ണനാകുവാൻ എന്നെ നീ സഹായിക്കേണമെ.

രണ്ടാം ധ്യാനം

ഞാൻ സുതനായ ദൈവത്തിന്റെ സഹോദരൻ

ശ്രുപീകരണം:— നമ്മുടെ കർത്താവീശോമിശിഹാ തന്റെ ശിഷ്യന്മാരുടെനേരെ കൈനീട്ടി, "ഇതാ! എന്റെ സഹോദരന്മാർ" എന്നരുളിച്ചെയ്യുന്നതു കേൾക്കുന്നതായി സങ്കല്പിക്കുക. (മത്തായി. xII· 49)

അഭ്യർത്ഥന:— ദൈവസുതന്റെ സഹോദരനനുയോജ്യമായി ജീവിക്കുവാൻ വേണ്ട അനുഗ്രഹം അപേക്ഷിക്കുക.

ധ്യാനം:—പ്രസാദവരംവഴിയായി നാം ദൈവസ്വഭാവത്തിൽ പങ്കുകാരായിത്തീർന്നതുകൊണ്ട് ദൈവപിതാവിന്റെ ഭക്തപുത്രന്മാരായി എന്നു കഴിഞ്ഞ ധ്യാനത്തിൽ കണ്ടുവല്ലൊ. അതേന്യായത്താൽത്തന്നെ നാം സുതനായ ദൈവത്തിന്റെ സഹോദരന്മാരുമായിരിക്കുന്നു. സുതനായ ദൈവം സ്വാഭാവിക പുത്രൻ, നാമാകട്ടെ ദത്തുപുത്രന്മാർ എന്നൊരു വ്യത്യാസമെ ഉള്ളൂ. എങ്കിലും തന്റെ സ്വഭാവത്തിലും നമുക്കു പങ്കുകിട്ടിയിരിക്കുക നിമിത്തം, മക്കളും വളർത്തുമക്കളും തമ്മിലുള്ളതിനേക്കാൾ കൂടുതലായ സാമ്യവും ബന്ധവുമാണ് നമുക്കു ദൈവസുതനോടുള്ളതു്. മനുഷ്യൻ സ്വാതന്ത്ര്യദുഷ്പ്രയോഗത്താൽ നഷ്ടപ്പെടുത്തിയ ഈ സാഹോദര്യബന്ധത്തെയും ദൈവപുത്രനോടുകൂടിയുള്ള കൂട്ടവകാശത്തെയും വീണ്ടും നൽകുന്നതിനു മ്ശിഹാ സഹിച്ച പീഡകൾക്കു കണക്കില്ല. ഏകോദരസഹോദരന്മാർ പോലും ചെയ്യാത്ത ത്യാഗങ്ങൾ ആ അവകാശത്തെ വീണ്ടും നമുക്കു തരുന്നതിനുവേണ്ടി അവിടുന്നു കൈവരിച്ചു. ഈ ബന്ധം എത്ര വിലപിടിച്ചതെന്നു നോക്കുക! ദൈവപുത്രന്റെ അമൂല്യരക്തം, അല്ല, തന്റെ ജീവൻതന്നെയാണ് അതിന്റെ വില. അതുകൊണ്ട് ഈ സ്ഥാനത്തെ എത്രയൊ ഞാൻ വിലമതിക്കണം!

പ്രസാദവരം വഴിയായി ദൈവപുത്രന്റെ ദൈവസ്വഭാവത്തിൽ നാം പങ്കുകാരായതുപോലെ തന്റെ മനുഷ്യാവതാരം വഴിയായി നമ്മുടെ മനുഷ്യസ്വഭാവത്തിൽ അവിടുന്നും പങ്കുകാരനായിത്തീർന്നു. തന്മൂലം തന്റെ സ്വഭാവം നമുക്കും നമ്മുടെ

സ്വഭാവം തനിക്കും ഉണ്ടാവാനിടയായി. ഇങ്ങനെ ദൈവസ്വഭാവത്തിൽ മാത്രമല്ല മനുഷ്യസ്വഭാവത്തിലും നാം ദൈവപുത്രന്റെ സഹോദരന്മാരാണ്. ദൈവസ്വഭാവത്തിൽ നമുക്കു ഭാഗഭാഗിത്വം നൽകി നമ്മെ ഉത്തേജിപ്പിച്ചതിനാൽ ദൈവമക്കളായ നാം ദൈവസുതന്റെ സഹോദരന്മാരായെങ്കിൽ, നമ്മുടെ സ്വഭാവം താൻ സ്വീകരിച്ചപ്പോൾ വി. പൗലോസ് പറയുന്നതുപോലെ ഈ ബന്ധം ഉപരിഭദ്രവും ഹൃദയാവർജ്ജകവുമായിത്തീർന്നിരിക്കുന്നു. (Heb:II. 11.17) തന്നിമിത്തം "സഹോദരം" എന്നു വിളിച്ചുകൊണ്ടു തന്നെ സമീപിക്കുവാനും തന്നെ ആശ്ലേഷിക്കുവാനും നമുക്കു സഹകർത്തൃത്വം തരുന്നതിനുവേണ്ടി താൻ, "പാപമൊഴികെ എല്ലാറ്റിലും നമ്മെപ്പോലെ" ആയി. അതേ, മിശിഹാ ദൗർബ്ബല്യത്തിലും നിരാശ്രയത്വത്തിലും, അജ്ഞാനത്തിലും തൊഴിൽ പരിശീലനത്തിലും, സന്തോഷത്തിലും സന്താപത്തിലും, ബുദ്ധിയുടെ ചിന്തയിലും ഹൃദയവികാരങ്ങളിലും, ജീവിതത്തിലും മരണത്തിലും എന്നുവേണ്ട എല്ലാറ്റിലും എല്ലാവിധത്തിലും നമുക്കു സദൃശനായിരുന്നു.

ഇങ്ങനെ, ദൈവസുതന്റെ ദൈവസ്വഭാവം നമ്മിലും നമ്മുടെ മനുഷ്യസ്വഭാവം തന്നിലും സ്ഥിതിചെയ്യുന്നതുകൊണ്ടും, പാപമൊഴികെ സകലത്തിലും നമ്മെപ്പോലെ ആയിത്തീർന്നതിനാലും, നാം സാക്ഷാൽ അവിടുത്തെ സഹോദരന്മാരാണ്. ഈ നാമത്താൽ നമ്മെ വിളിക്കുവാൻ അവിടുന്നു ഒട്ടും മടിച്ചുമില്ല. മത്തായിയുടെ സുവിശേഷത്തിൽ നാം ഇങ്ങനെ വായിക്കുന്നു: "പിന്നെ തന്റെ ശിഷ്യന്മാരുടെനേരെ കൈനീട്ടി(മിശിഹാ) അരുളിച്ചെയ്തു: ഇതാ! എന്റെ അമ്മ! ഇതാ! എന്റെ സഹോദരന്മാർ! (Mt xiii, 49) Cfr. 50. Lc. viii 21. താൻ ഉയിർത്തശേഷം തന്റെ സ്വർഗ്ഗാരോഹണത്തെക്കുറിച്ചു ശിഷ്യരോടു പറയുന്നതിനു മറിയംമഗ്ദലേനായെ ചുമതലപ്പെടുത്തിയപ്പോൾ, "നീ എന്റെ സഹോദരന്മാരുടെ അടുക്കൽ ചെന്നു പറയുക." എന്നാണ് നാഥൻ അരുളിച്ചെയ്തത്. (Jo. xx 17. Cfr. Hcd ii Rom viii. 29)

നാം ദൈവസുതന്റെ സഹോദരന്മാരാണെങ്കിൽ കൂട്ടവകാശികളുമാണ്. മാത്രമല്ല അവിടുന്നു നമ്മുടെ സ്നേഹിതനും ഉറ്റമിത്രവും ഒരിക്കലും പിരിയാത്ത കൂട്ടുകാരനും പ്രേമഭാജനവുമാണ്. (Jn. I. 16) അവിടുന്നു നമ്മുടെ ശിരസ്സും നാം തന്റെ അവയവങ്ങളുമാണ്. (അപ്പൊ. v. 30, കൊലെ. 1. 18) സ്വമാംസരക്ത

ങ്ങൾകൊണ്ട് നമ്മെ പോഷിപ്പിക്കുന്ന നല്ല ഇടയനും, നമ്മുടെ മുറിവുകളെ സുഖപ്പെടുത്തുന്ന വൈദ്യനും, നമുക്കുവേണ്ടി പിതാവിന്റെ പക്കൽ മാദ്ധ്യസ്ഥം പറയുന്ന വക്കീലും, പിശാചിന്റെ ദാസ്യത്തിൽനിന്നു നമ്മെ വീണ്ടെടുത്ത രക്ഷകനും, സ്വരക്തം വിലയായി കൊടുത്തു നമ്മെ വാങ്ങിയ കർത്താവും, നമുക്കു ദിവ്യോപദേശങ്ങൾ നൽകുന്ന ഉപദേഷ്ടാവും, കണ്ണുനീരിൽ പങ്കുകാരനും, നമ്മുടെ രാജാവും, നമ്മുടെ നേതാവും, വേലകളിൽ സഹപ്രവർത്തകനും, ആശ്വാസദാതാവും, നമ്മുടെ ജീവനും, സത്യവും, വെളിച്ചവും, വഴിയും, ജ്ഞാനവും, നീതിയും, സ്വർഗ്ഗവാതിലും, എന്നുവേണ്ട താൻ നമ്മുടെ സർവ്വസ്വവുമാണ്.

ഇനി, ദൈവപുത്രനോട് ഇത്രമാത്രമായ ബന്ധങ്ങളെല്ലാം നമുക്കുണ്ടെങ്കിൽ അവയ്ക്കനുയോജ്യമായ ഒരു ജീവിതം നയിക്കാനും നാം ബാദ്ധ്യസ്ഥരാണ്. ദൈവസുതന്റെ സഹോദരന്മാരാണെന്ന അഭിമാനിച്ചുകൊണ്ടായില്ല. ഈ ഉന്നതസ്ഥാനത്തിനു യോജിച്ചരീതിയിൽ നമ്മുടെ നടപടിയെ നാം ക്രമപ്പെടുത്തണം. അപ്പോൾത്തപക്ഷം നമുക്കും നമ്മിലൂടെ നമ്മുടെ കർത്താവിനും നേരിടുന്ന മാനക്ഷയം നിസ്സീമമായിരിക്കും. നമ്മുടെ വിചാരം, സംസാരം, പ്രവൃത്തികൾ ഇവ ദൈവപുത്രന്റെ സഹോദരന്മാരുടെ അന്തസ്സിനനുയോജ്യമല്ലെങ്കിൽ നാം അന്യരുടെ പരിഹാസവിഷയമായിത്തീരും. തന്റെ കാരുണ്യാതിരേകത്താൽ ദൈവസുതൻ നമ്മെ തന്റെ സഹോദരന്മാരാക്കിയതു തന്നോടു നാം അനുരൂപപ്പെട്ടുവാൻവേണ്ടിയത്രെ. തന്റെ ദിവ്യസ്വഭാവത്തിലുള്ള നമ്മുടെ ഭാഗഭോഗിത്വം അതിനുള്ള ബീജമാണ്. അതിന്റെ പൂർണ്ണവളർച്ച സാധിച്ചു തന്നെപ്പോലെ നാം ആകുവാൻവേണ്ടി അവിടുന്നു നമ്മെപ്പോലെ ആയി. മനുഷ്യരായ നമ്മെ ദേവന്മാരാക്കുവാൻ ദൈവം മനുഷ്യനായി നമ്മുടെ ഇടയിൽ വസിക്കുന്നു. അല്ല, നമ്മിൽത്തന്നെ വസിക്കുന്നു. വി. ഗ്രീഹാ പറയുന്നതുപോലെ രക്ഷപ്പെടുവാനുള്ളവരെല്ലാം തന്റെ ദിവ്യപുത്രനോട് അനുരൂപപ്പെടണമെന്നു ദൈവപിതാവു നിശ്ചയിച്ചിരിക്കുന്നു. (റോമ. VIII. 29) ഇതിനെ മനസ്സിലാക്കിക്കൊണ്ടല്ലയൊ വി. ചിപ്രിയാനോസ് "ക്രിസ്ത്യാനിമറെറാരു ക്രിസ്തുവാകുന്നു" വെന്നു പറഞ്ഞിരിക്കുന്നതു? നിന്നെക്കുറിച്ചു ഇതു പറവാൻ സാധിക്കുമോ? നീ മിശിഹായ്ക്കു സദൃശനായിത്തീർന്നിട്ടുണ്ടോ? കുറഞ്ഞപക്ഷം മിശിഹായെപ്പോലെ ആയിത്തീരുന്നതിനു പരമാർത്ഥമായി ആഗ്രഹിക്കയും പരിശ്രമിക്കുകയുമെങ്കിലും ചെയ്യുന്നുണ്ടോ?

നിന്നെ സ്വസഹോദരനായി സ്വീകരിച്ച ദൈവപുത്രനോടു സദൃശനായിത്തീർന്നില്ലാതെ നിനക്കു നിത്യരക്ഷപോലും ലഭിക്കയില്ലെന്നു അനുസ്മരിച്ചാലും. അതുകൊണ്ടു ഇന്നുമുതൽ നിന്റെ സ്നേഹസഹോദരനായ ദൈവപുത്രനെ അനുകരിക്കുന്നതിൽ കൂടുതൽ ഉത്സുകനായിരിക്കുക. വി. ഗ്രീഹാ പറയുന്നതുപോലെ ഈശോമിശിഹായിലുള്ള മനോഭാവം നിന്നിലുമുണ്ടായിരിക്കട്ടെ. (ഫീലി. II. 5) അതുകൊണ്ടു നാം നമ്മുടെ സഹോദരനായ ഈശോയെപ്പോലെ ജീവിക്കണം. നമ്മെ കാണുന്നവർ "ഇതാ വേറൊരു മിശിഹാ" എന്നു പറയത്തക്കവണ്ണം തന്നിലേക്കു നാം രൂപാന്തരപ്പെടണം. അതു സാധിക്കുന്നതിനു നമ്മുടെ വിചാരങ്ങളും വാക്കുകളും പ്രവൃത്തികളും മിശിഹായുടേതാകാതെ വേറെ വഴിയില്ല. "ഞാൻ ജീവിക്കുന്നു. എന്നാൽ ഇനി ഞാനല്ല മിശിഹാ എന്നിൽ ജീവിക്കുന്നു." എന്നു യഥാർത്ഥത്തിൽ പറയാറാകണം. ഇതിൽ കവിഞ്ഞ ഒരു പരിപൂർണ്ണത മിശിഹായുടെ സഹോദരന്മാർക്കു യോജിച്ചതല്ലതന്നെ.

ഇതു സാധിക്കുന്നതിനുള്ള ഒരുത്തമമാർഗ്ഗമാണ് ഒരു വത്സല സഹോദരനോടെന്നവണ്ണം ഈശോയോടു പെരുമാറുകയും സംസർഗ്ഗം ചെയ്യുകയും ഒരിക്കലും പിരിയാത്ത കൂട്ടുകാരനായി തന്നെ സ്വീകരിക്കുകയും അങ്ങനെ തന്നോടുകൂടെ ജീവിക്കയും തന്റെ സമ്പ്രദായങ്ങളും നടപടികളും നമ്മുടേതാക്കിത്തീർക്കുവാൻ ശ്രമിക്കുകയും ചെയ്യുക എന്നതു്. ഏതാട്ടശ ജീവിതം, ക്രിസ്ത്വനുകരണഗ്രന്ഥകാരൻ പറയുന്നതുപോലെ, ഇഹത്തിലെ സ്വർഗ്ഗംതന്നെയാണ്. (Cfr. ക്രിസ്ത്വനുകരണം 2–ാം പു: VIII. 2&3)

എന്നാൽ ഹാ! കഷ്ടം! മേൽപറഞ്ഞ ആദർശത്തിൽനിന്നു എത്രയൊ പിന്നോക്കമാണ് ഞാൻ! ഈ ദുരവസ്ഥയ്ക്കു കാരണം എന്റെ സഹകരണക്കുറവല്ലാതെ സ്നേഹനാഥന്റെ സഹായത്തിന്റെ കുറവല്ല. അവിടുന്നു സദാ എന്നോടുകൂടെയും എന്നിലും വസിച്ചു തന്റെ രൂപം എന്നിലുണ്ടാകുവാൻ വേണ്ടതും അതിലധികവും ചെയ്യുന്നുണ്ടെങ്കിലും ഞാൻ വേണ്ടത്ര തന്നെ ശ്രദ്ധിക്കുകയൊ തന്നോടു സഹകരിക്കുകയൊ ചെയ്യുന്നില്ല. മേലാൽ ഈശോമാത്രം എന്നിൽ വിജയിയായി വാഴട്ടെ. എന്റെ ആത്മാവും ശരീരവും ഞാൻ മുഴുവനും തനിക്കു ഒരു ദ്വിതീയ മനുഷ്യത്വം ആയിരിക്കട്ടെ.

എന്റെ ദൈവവും സ്നേഹസഹോദരനുമായ ഈശോയേ, എന്റെ മുഴുഹൃദയത്തോടെ അങ്ങെ ഞാൻ സ്നേഹിക്കുന്നു. എന്റെ

കണ്ണുവഴിയായി അങ്ങു കാണുകയും ചെവിവഴിയായി അങ്ങു കേൾക്കുകയും, നാവുവഴിയായി അങ്ങു സംസാരിക്കയും, എന്റെ ഭാവനാശക്തിവഴിയായി അങ്ങു രൂപീകരിക്കയും, എന്റെ ബുദ്ധിവഴിയായി അങ്ങു ചിന്തിക്കയും വിധിക്കയും, എന്റെ ഹൃദയംവഴിയായി അങ്ങു ആഗ്രഹിക്കയും സ്നേഹിക്കയും, എന്റെ ശരീരാവയവങ്ങളും ആത്മശക്തികളും വഴിയായി അങ്ങുതന്നെ പ്രവർത്തിക്കയും ചെയ്യണമെ. ഇങ്ങനെ ഞാൻ അങ്ങയുടെ ഒരു ശരിപ്രതിമ, അല്ല, വേറൊരു മിശിഹാതന്നെ ആയിത്തീരട്ടെ.

എന്റെ നല്ല അമ്മേ! അങ്ങെ കാപ്പയുടെ കീഴിൽ എന്നെ വച്ചുസൂക്ഷിച്ചു സ്നേഹാഗ്നിയാൽ ചൂടുപിടിപ്പിച്ചു നിന്റെ ഇളയ പുത്രനായ ഈ പഴയ മനുഷ്യനിൽനിന്നു "പുതിയ മനുഷ്യൻ" രൂപമെടുക്കുവാൻ എന്നെ നീ സഹായിക്കണമെ.

മൂന്നാം ധ്യാനം

ഞാൻ-പരിശുദ്ധാത്മാവിയായ ദൈവത്തിന്റെ ആലയം

രൂപീകരണം:- പുറമെനിന്നും പ്രകാശം കടക്കാത്ത സ്ഫടികനിർമ്മിതമായ ഒരു മനോഹര മണിമേടയുള്ളിൽ അതി പ്രഭയുള്ള ഒരു ദിപം ജ്വലിക്കുന്നതു കാണുന്നതായി സങ്കല്പിക്കുക.

അഭ്യർത്ഥന:- പരിശുദ്ധാത്മാവിയുടെ ആലയമായ നമ്മെ നാംതന്നെ വേണ്ടവിധം ബഹുമാനിക്കുന്നതിനും ഏറ്റമേറ്റം വിശുദ്ധീകരിക്കുന്നതിനും ആവശ്യമായ ദൈവവരം അഭ്യർത്ഥിക്കുക.

ധ്യാനം:- പ്രസാദവരമെന്ന ദൈവികജീവൻ പ്രാപിക്കുന്നവർ ദൈവപിതാവിന്റെ പുത്രനും ദൈവസുതന്റെ സഹോദരനുമാകുന്നതു കൂടാതെ പരിശുദ്ധാത്മാവിയുടെ ആലയവും കൂടിയാകുന്നു. ദൈവവചനം കാത്തുകൊണ്ടു ദൈവമക്കളായി ജീവിക്കുന്നവരെല്ലാം ദൈവത്തിന്റെ ആലയങ്ങളാകുന്നു. അവരിൽ പരിശുദ്ധപിതാവും, പുത്രനും, പരിശുദ്ധാത്മാ

വും—വസിക്കുന്നുവെന്നുള്ളതു് നമ്മുടെ ദിവ്യരക്ഷകൻതന്നെ വ്യക്തമായി വെളിപ്പെടുത്തിയിട്ടുള്ള ഒരു സത്യമാണു്. "യാതൊരുത്തൻ എന്നെ സ്നേഹിക്കുന്നുവെങ്കിൽ അവൻ എന്റെ വചനം കാത്തുകൊള്ളും. എന്റെ പിതാവു അവനെ സ്നേഹിക്കും, അപ്പോൾ ഞങ്ങൾ അവന്റെ അടുക്കൽ വരികയും അവനോടുകൂടി വസിക്കയും ചെയ്യും. (യോഹ. xiv. 23) ഈ സ്ഥാപ്രകാരം ദൈവജ്ഞാനം നിറഞ്ഞവരായിക്കൊണ്ടു് യഥാർത്ഥ ദൈവസ്നേഹികളായി വർത്തിക്കുന്നവരെല്ലാം ദൈവത്തിന്റെ ആലയങ്ങളാണു്. എന്നു വരികിലും മേൽ പറഞ്ഞവർ പരിശുദ്ധാത്മാവിയുടെ ആലയം എന്നാണു് സാധാരണ പറഞ്ഞുവരുന്നതു്. ഇതു തക്കകാരണം കൂടാതെയുമല്ല. സൃഷ്ടി, രക്ഷണീയം, വിശുദ്ധീകരണം തുടങ്ങിയുള്ള പ്രവൃത്തികൾ ദൈവയാളുകളിൽനിന്നു പുറത്തേക്കു പുറപ്പെടുന്നവയാകയാൽ പിതാവിനും, പുത്രനും, പരിശുദ്ധാത്മാവിക്കും പൊതുവെയുള്ളവയാണു്. എങ്കിലും സൃഷ്ടി പിതാവിന്റെയും, രക്ഷണീയം പുത്രന്റെയും, വിശുദ്ധീകരണം പരിശുദ്ധാത്മാവിയുടേയും പ്രവൃത്തികളായി പറഞ്ഞുവരുന്നു. വിശുദ്ധീകരണജോലി പിതാവിനും പുത്രനുംകൂടി ഉള്ളതാണെന്നിരുന്നാലും പുത്രൻ മനുഷ്യരെ രക്ഷിപ്പാൻ അയക്കപ്പെട്ടതുപോലെ പരിശുദ്ധാത്മാവു മനുഷ്യരെ വിശുദ്ധീകരിപ്പാൻ അയക്കപ്പെട്ടിരിക്കകൊണ്ടു് വിശുദ്ധീകരണജോലി പരിശുദ്ധാത്മാവിയുടെ പ്രവൃത്തിക്കായി പറയപ്പെട്ടുന്നതു് കൂടുതൽ ഔന്നത്യമത്രെ. വി. ശ്ലീഹാതന്നെ വിശുദ്ധീകരണം പരിശുദ്ധാത്മാവിയുടെ പ്രവൃത്തിയായി പ്രസ്താവിച്ചിട്ടുണ്ടു്. "നമുക്കു നൽകപ്പെട്ട പരിശുദ്ധാത്മാവിയാൽ നമ്മുടെ ഹൃദയങ്ങളിൽ ദൈവസ്നേഹം വ്യാപിച്ചിരിക്കുന്നു." (റോമ. v. 5.) ഇക്കാരണങ്ങളാൽ പ്രസാദവരത്തിലിരിക്കുന്ന ഒരാത്മാവു പരിശുദ്ധാത്മാവിയുടെ ആലയമാകുന്നു എന്നു ശരിയായി പറയാം. ഇതുകൊണ്ടാണല്ലൊ വി. പൗലോസ് കോറിന്തോസ്കാരോടു് ഇപ്രകാരം ചോദിക്കുന്നതു്: "നിങ്ങൾ ദൈവത്തിന്റെ ആലയമാണെന്നും ദൈവത്തിന്റെ അരൂപി നിങ്ങളിൽ വസിക്കുന്നുവെന്നും നിങ്ങളറിയാതിരിക്കുന്നുവോ?" (കോറി. iii. 16.) വീണ്ടും "നിങ്ങളിൽ സ്ഥിതിചെയ്യുന്നവനും ദൈവത്തിൽനിന്നു നിങ്ങൾക്കു ലഭിച്ചിട്ടുള്ളവനുമായ പരിശുദ്ധാത്മാവിയുടെ ആലയമാണു് നിങ്ങളുടെ ശരീരമെന്നും, നിങ്ങളുടേതല്ലായെന്നും, നിങ്ങൾ അറിയുന്നില്ലയോ?"

(i. കോറി. vi. 19)

ഒരു ദൈവാലയത്തെ കൂദാശചെയ്യുമ്പോൾ ഉപയോഗിക്കുന്ന കർമ്മവും, പ്രസാദവരവും സാമാന്യമായി നൽകപ്പെടുന്ന ജ്ഞാനസ്നാനകർമ്മവും തമ്മിൽ വളരെ സാമ്യമുണ്ടെന്നുള്ളതു് ഇവിടെ പ്രത്യേകം സ്മരണീയമാണു്. കൂദാശകർമ്മം മുഖേന ദൈവത്തിനായി പ്രതിഷ്ഠിക്കപ്പെടുന്ന ഒരു ആലയം അതിപരിശുദ്ധവും ബഹു പൂജ്യവുമായി എപ്രകാരം കരുതുന്നതുപോലെ അതിപരിശുദ്ധവും പരിപാവനവും മഹോന്നതവുമായി കരുതപ്പെടേണ്ട ഒരു സജീവാലയമാണു് ജ്ഞാനസ്നാനകർമ്മംമൂലം പരിശുദ്ധാത്മാവിനായി പ്രതിഷ്ഠിക്കപ്പെടുന്ന ഒരു മനുഷ്യാത്മാവു്. അതു കൊണ്ടാണല്ലൊ, ആരെങ്കിലും ദൈവത്തിന്റെ ആലയത്തെ അനാദരിച്ചാൽ അവനെ ദൈവം നശിപ്പിക്കും. "എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ ആലയം പരിശുദ്ധമാകുന്നു. അതു നിങ്ങളുമാകുന്നു" (I. കൊറി. III. 17.) എന്നു വി. പൗലോസ് കോറിന്തോസുകാരോടു പറഞ്ഞിട്ടുള്ളതു്.

ജ്ഞാനസ്നാനത്താൽ പുനർജ്ജീവിച്ചവന്റെ — ഇഷ്ടപ്രസാദത്തിലിരിക്കുന്നവന്റെ — ആത്മാവുമാത്രമല്ല ശരീരം കൂടെയും പരിശുദ്ധാത്മാവിന്റെ ആലയമാണെന്നുള്ള സത്യം നാം വിസ്മരിക്കരുതു്. ആത്മാവിനെ വിശുദ്ധീകരിക്കുന്ന പരിശുദ്ധാത്മാവു ആത്മാവുമായി അവർണ്ണനീയം ബന്ധിക്കപ്പെട്ടിരിക്കുന്ന ശരീരത്തെയും തന്റെ ദിവ്യശക്തിയാൽ പരിപാവനമാക്കിത്തീർക്കുന്നുണ്ടു്. ഇതുകൊണ്ടത്രേ കത്തോലിക്കാതിരുസ്സഭ വിശ്വാസികളുടെ മൃതശരീരത്തെപ്പോലും പൂജ്യമായി കരുതുന്നതു". അവരുടെ മൃതശരീരത്തെ വെട്ടിമുറിക്കയോ ചുട്ടുദഹിപ്പിക്കയോ ഒന്നും ചെയ്യാൻ സഭ അനുവദിക്കയില്ല. പ്രത്യുത, അതിനെ പരിശുദ്ധസ്ഥലത്തു പൂജ്യമായി ഭൂമിദാനം ചെയ്യണമെന്നത്രേ അവർ ആജ്ഞാപിക്കുന്നതു്. മൃതശരീരത്തെ ഭൂമിദാനം ചെയ്യുന്ന വിധവും പരിശുദ്ധമാകുന്നു. അതിനെ വിശുദ്ധജലം തളിക്കയും ആശീർവ്വദിക്കപ്പെട്ട ധൂമത്താൽ ധൂപിക്കയും ചെയ്യുന്നു. ഒടുവിൽ പരിശുദ്ധമായ പ്രാർത്ഥനകളോടുകൂടി ആശീർവ്വദിക്കപ്പെട്ട കുഴിയിൽ അതിനെ സംസ്കരിക്കുന്നു. അവിടെ ആ ശരീരം ഉയിർപ്പിനേയും നിത്യപ്രതാപത്തേയും പ്രതിക്ഷിച്ചുകൊണ്ടു കിടക്കുന്നു. ലോകാവസാനത്തിൽ അക്ഷയം, സൂക്ഷ്മം, ദീപ്തി, ലഘുത്വം എന്നീ മഹനീയവരങ്ങളും പ്രാപിച്ചു പ്രതാപത്തോടുകൂടി അതുയിർത്തെഴുന്നേൽക്കും. ഒടുവിൽ നിത്യസൗഭാഗ്യത്തിന്റെ സ്ഥലമായ സ്വർഗ്ഗത്തിൽതന്നെ ഈ ജഡം പ്രവേശിക്കും. ഹാ! എത്ര മഹത്വമേറിയ കാര്യം; എ

ത്ര സന്തോഷകരമായ വാർത്ത; എത്ര ആശ്വാസപ്രദമായ സത്യം! മർത്ത്യശരീരത്തിനു പരിശുദ്ധിയും പരിപാവനതയും നൽകി അതിനെ തന്റെ അവയവമാക്കിത്തീർക്കയും അനന്തരം അമർത്ത്യതയും മറവും നൽകി നിത്യസൗഭാഗ്യത്തിനുപോലും അതിനെ അർഹമാക്കിത്തീർക്കയും ചെയ്യുന്ന സ്നേഹത്തിന്റെ ദൈവമത്രേ നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവു.

നിന്നിലും നിനക്കുവേണ്ടിയും ഇത്രയധികം പ്രവർത്തിച്ചുകൊണ്ടിരുന്ന സ്നേഹയോഗ്യനായ പരിശുദ്ധാത്മാവിനെ നീ എപ്രകാരം സ്നേഹിച്ചുവരുന്നു? അവിടുന്നു നൽകിക്കൊണ്ടിരിക്കുന്ന നിരവധി ദാനങ്ങൾക്കുവേണ്ടി നീ തന്നോടു കൃതജ്ഞത പ്രകാശിപ്പിക്കുന്നുണ്ടോ? തന്റെ ആലയമായ നിന്റെ ആത്മശരീരങ്ങളെ പാപങ്ങളാകുന്ന അശുദ്ധിയിൽനിന്നു കാത്തു സൂക്ഷിക്കയും സുകൃതങ്ങളാകുന്ന വിഭൂഷണങ്ങളാൽ അലങ്കരിക്കുകയും ചെയ്യുന്നുണ്ടോ? "നിങ്ങളുടെ ശരീരത്തിൽ ദൈവത്തെ നിങ്ങൾ സ്തുതിക്കയും വഹിക്കുകയും ചെയ്വിൻ." (I. കോറി. VI. 20.) എന്നുള്ള വി. ശ്ലീഹായുടെ ഉപദേശം നീ എങ്ങനെ പ്രാവർത്തികമാക്കിവരുന്നു? നീ നിന്റെ ശരീരത്തെ ദൈവസ്തുതിക്കുള്ള ഒരു ഉപകരണമാക്കിത്തീർക്കുന്നുണ്ട് എന്നു പറവാൻ നിനക്കു സാധിക്കുമോ?

നിന്റെ ആത്മാവിലെ ദിവ്യാതിഥിയായ പരിശുദ്ധാത്മാവിയോടുള്ള ചുമതലകളിൽ ഒന്നാമത്തേതു് "ആത്മാവിൽനിന്നു, തന്നെ ബഹിഷ്കരിക്കരുതെന്നുള്ളതാണു". "നിങ്ങൾ ആത്മാവിനെ കെടുത്തിക്കളയരുതു." (തെസ. V. 19.) അതേ, ആ ദിവ്യചൈതന്യത്തെ കെടുത്തിക്കളയരുതെന്നു വി. പൗലോസ് ഉപദേശിക്കുന്നു. ഘനതരപാപമാണു് ആത്മാവിന്റെ പ്രകാശമായ പരിശുദ്ധാത്മാവിനെ അതിൽനിന്നു മുഴുവനായി ബഹിഷ്കരിക്കുന്നതു". നമ്മുടെ ആത്മാവിൽനിന്നു മാത്രമല്ല, മറ്റുള്ളവർക്കു ഏതെങ്കിലും വിധത്തിൽ പാപത്തിനു കാരണം കൊടുത്തു", അവരുടെ ആത്മാവിൽനിന്നും പരിശുദ്ധാത്മാവിനെ ബഹിഷ്കരിച്ചുകളയാതിരിപ്പാൻ നാം വളരെ ശ്രദ്ധയുള്ളവരായിരിക്കണം. പരിശുദ്ധാത്മാവിനോടു കാണിക്കുന്ന ഏറ്റവും വലിയ അപമാനമാണു", തന്നെ നമ്മിൽനിന്നോ മറ്റുള്ളവരിൽനിന്നോ ഇങ്ങനെ ഘനമായ പാപത്താൽ ബഹിഷ്കരിക്കുന്നതു". ഈ നിർഭാഗ്യം നമുക്കു വരാതിരിക്കട്ടെ.

"ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ നിങ്ങൾ വ്യസനിപ്പിക്കരുതു". അവനാലാണല്ലൊ രക്ഷയുടെ ദിവസത്തിലേ

ക്കായി നിങ്ങൾ മുട്ട ഇടപ്പെട്ടിരിക്കുന്നു." (അപ്പ IV. 30.) പരിശുദ്ധാത്മാവിയോടുള്ള നമ്മുടെ വേറൊരു ചുമതല തന്നെ ദുഃഖിപ്പിക്കാതിരിക്കുകയാണ്. ഏതു വിധമാണ് മനുഷ്യർ പരിശുദ്ധാത്മാവിയെ ദുഃഖിപ്പിക്കുന്നത്? അതിനൊരുദാഹരണം വി. പൗലോസ് ആത്മീകസ്നേഹത്തിനു നൽകിയിട്ടുണ്ട്. പരസ്നേഹത്തിനു ചേരാത്ത സംസാരം, മറ്റുള്ളവരെ അല്പമായിട്ടെങ്കിലും വേദനപ്പെടുത്തുന്ന വാക്കുകൾ, എന്നല്ല ലഘുതരപാപങ്ങളെല്ലാംതന്നെ നമ്മുടെ ആത്മാവിന്റെ ദിവ്യാതിഥിയായ പരിശുദ്ധാത്മാവിയെ വളരെ ദുഃഖിപ്പിക്കുന്നവയാണെന്നാണ് വി. ലിഖിതം നമ്മുടെ ആ പ്രബോധനം നമ്മെ മനസ്സിലാക്കുന്നു. അതിനാൽ നമ്മിൽ സദാ വസിക്കുന്ന ബഹുമാന്യനും മാധുര്യവാനുമായ ഈ ദിവ്യാതിഥിയുടെ സാന്നിദ്ധ്യത്തെ സൂചിപ്പിക്കുന്നതായ പാപങ്ങളിൽനിന്നു മാത്രമല്ല തനിക്കനിഷ്ടമായ അല്പ കാര്യങ്ങളിൽനിന്നുപോലും നാം അകന്നിരിക്കേണ്ടതാണ്.

നമ്മിൽ സുഖമായി വസിക്കുന്നതിനു മാത്രമല്ല നമ്മെ വിശുദ്ധീകരിക്കുന്നതിനും പുണ്യവഴിയിൽ നയിക്കുന്നതിനുംവേണ്ടി നമ്മെ പ്രകാശിപ്പിക്കയും ഉപദേശിക്കയും ചെയ്യുന്ന പരിശുദ്ധാത്മാവിനെ എതിർക്കാതെ തന്റെ നിർദ്ദേശനങ്ങളെ അനുസരിക്കയാകുന്നു തന്നോടുള്ള നമ്മുടെ മൂന്നാമത്തെ ചുമതല. "നിങ്ങൾ എപ്പോഴും പരിശുദ്ധാത്മാവിയെ എതിർക്കുന്നു." (acts VII. 51.) എത്രയോ നല്ല വിചാരങ്ങളും ആഗ്രഹങ്ങളും നമ്മിൽ താൻ ഉളവാക്കിട്ടുണ്ട്! അവ അനുസരിച്ചു പ്രവർത്തിക്കുന്നതിൽ നാം ഒരുമടിയുള്ളവരാണോ? ചിലപ്പോൾ തന്റെ സ്വരം നാം കേൾക്കുകതന്നെ ചെയ്യുന്നില്ല. അതിനുവേണ്ട ബോധപൂർവ്വമായ ഏകാന്തതയെ നമ്മിലില്ല. തന്റെ സ്വരം ശ്രവിക്കുവാൻ താൻ നമ്മെ ക്ഷണിക്കുന്നു. എന്നാൽ അതിനു നമുക്കു സമയമില്ല, സന്മനസ്സില്ല, ഇഷ്ടമില്ല. ബാഹ്യമായ ജോലിത്തിരക്കു നമുക്കു വളരെയുണ്ട്. തന്നിമിത്തം പരിശുദ്ധാത്മാവു വസിക്കുന്ന ആ അന്തരംഗത്തേക്കു ചെല്ലുവാൻ നാം മടികാണിക്കുന്നു. വല്ലപ്പോഴും ഭാഗ്യവശാൽ തന്റെ സ്വരം കേട്ടാൽത്തന്നെ അതനുസരിച്ചു പ്രവർത്തിക്കുന്നുണ്ടോ? താൻ നൽകുന്ന സദ്വിചാരങ്ങളോടും, നല്ല ആഗ്രഹങ്ങളോടും നാം കാണിക്കുന്ന സഹകരണം ഏതു വിധം? നമ്മുടെ അശ്രദ്ധയും മടിയും നമുക്കെത്രവലിയ നഷ്ടമാണ് വരുത്തുന്നതെന്നു ഇപ്പോഴെങ്കിലും മനസ്സിലാക്കിയെങ്കിൽ! ക്ലേശഭൂയിഷ്ഠമായ ഈ പരദേശവാസത്തിൽ നമ്മെ ആശ്വസിപ്പി

ക്കുന്നതിനും സ്വദേശത്തേക്കുള്ള ഇടുങ്ങിയതും അപകടങ്ങൾ നിറഞ്ഞതുമായ വഴിയിൽ നമ്മെ സുരക്ഷിതരായി നയിക്കുന്നതിനും നമ്മിൽ വന്നു വസിക്കുന്ന പരിശുദ്ധാത്മാവിനെ ശ്രവിക്കുന്നതിലും തന്റെ ഇംഗിതങ്ങളെല്ലാം അനുസരിച്ചു പ്രവർത്തിക്കുന്നതിലും നാം ബദ്ധശ്രദ്ധരായിരിക്കണം.

വേദപാരംഗതനായ വി. അല്ഫോൻസ് ലിഗോരിയോടുകൂടെ ഇങ്ങനെ നമുക്കു പ്രാർത്ഥിക്കാം:— അളവറ്റ സ്നേഹസ്വരൂപീ! പരിശുദ്ധ കന്യകയുടെ നിർമ്മല ആത്മാവിനെ ഉത്തമ വരങ്ങളാൽ നിറച്ചതും, ശ്ലീഹന്മാരുടെ ഹൃദയങ്ങളിൽ തീഷ്ണതയുടെ ജ്വാല കത്തിച്ചതും നീയത്രേ. അങ്ങു എന്റെ തണുത്ത ഹൃദയത്തെയും സ്നേഹാഗ്നിയാൽ കത്തിക്കേണമെ. നീ ദൈവികാത്മാവിയാകുന്നു; എല്ലാ ദുഷ്ടാത്മാവികൾക്കും എതിരായി എനിക്കു ധൈര്യം തരേണമെ.

നീ അഗ്നിയാകുന്നു: എന്നിൽ നിന്റെ സ്നേഹത്തെ എരിയിക്കേണമെ. നീ വിജ്ഞാനമാകുന്നു. നിത്യസത്യങ്ങളുടെ ജ്ഞാനത്താൽ എന്റെ ബുദ്ധിയെ പ്രകാശിപ്പിക്കേണമെ.

നീ മാടപ്രാവാകുന്നു. എനിക്കു നിഷ്കളങ്ക ജീവിതം തരേണമെ.

നീ മന്ദമാരുതനാകുന്നു: എന്റെ ദുരാശകളുടെ കൊടുങ്കാറ്റുകളെ നശിപ്പിക്കേണമെ.

നീ നാവാകുന്നു: എപ്പോഴും നിന്നെ സ്തുതിച്ചു വാഴ്ത്തുന്നതിനു എന്നെ പഠിപ്പിക്കേണമെ.

നീ മേഘമാകുന്നു: നിന്റെ സംരക്ഷണയുടെ നിഴലിൻ കീഴ് എന്നെ കാക്കണമെ.

നീ സകലനന്മകളുടേയും ഉദാരദാതാവാകുന്നു. നിന്റെ വരപ്രസാദത്താൽ നീ എന്നെ ജീവിപ്പിക്കേണമെ. നിന്റെ സ്നേഹത്താൽ എന്നെ ശുദ്ധീകരിക്കേണമെ. നിന്റെ ജ്ഞാനത്താൽ എന്നെ പ്രകാശിപ്പിക്കേണമെ. നിന്റെ നന്മയാൽ നിന്റെ മകനായി എന്നെ സ്വീകരിക്കേണമെ. നിന്റെ അളവറ്റ അനുഗ്രഹത്താൽ എന്നെ രക്ഷിക്കേണമെ. ഇങ്ങനെ ഇഹത്തിലിപ്പോഴും, പരത്തിൽ മരണശേഷം എന്നേയ്ക്കും നിന്നെ സ്തുതിച്ചു വാഴ്ത്തി നിന്നോടുകൂടെ ഭാഗ്യപ്പെടുന്നതിനു എനിക്കു ഇടവരുത്തണമെ. ആമേൻ.

ക്രിസ്ത്യാനിയുടെ സ്ഥാനമഹിമ

അതിന്റെ അടിസ്ഥാനമായ എത്രയും പരിശുദ്ധത്രിത്വം

നാം പിതാവായ ദൈവത്തിന്റെ മക്കളും സുതനായ ദൈവത്തിന്റെ സഹോദരന്മാരും പരിശുദ്ധാത്മാവായ ദൈവത്തിന്റെ സജീവാലയങ്ങളും ആണെന്ന് നാം കണ്ടു. വാഛാതീതമായി എന്നല്ല ഊഹാതീതമായി ദൈവം നമ്മെ ഉയർത്തി. ഈ ഉന്നത സ്ഥാനത്തിന് അനുയോജ്യമായി ജീവിക്കേണ്ടതാണെന്ന നമുക്ക് ഇപ്പോൾ നന്നായി ബോധ്യമായിട്ടുണ്ട്. അതിനു വേണ്ടി നാം ചെയ്യുന്നതിനു നാം തയ്യാറുമാണ്. ധ്യാനത്തിൽ അതിനു വേണ്ടി നാം ചെയ്തിട്ടുള്ള നല്ല നിശ്ചയങ്ങൾ നിറവേറ്റുന്നതിനു നമുക്കു കൂടുതൽ പ്രോത്സാഹനം കിട്ടുവാൻവേണ്ടി, ഭക്തികളിൽ പ്രഥമസ്ഥാനം അർഹിക്കുന്നതും നമ്മുടെ സ്ഥാനമഹിമയുടെ അടിസ്ഥാനവുമായ എത്രയും പരിശുദ്ധ ത്രിത്വത്തോടുള്ള ഭക്തിയെക്കുറിച്ചു സ്വല്പം ആലോചിക്കാം.

ഒരു ദൈവം മാത്രമേയുള്ളുവെന്നും ആ ദൈവത്തിൽ മൂന്നു ആളുകളുണ്ടെന്നും, അവരിൽ രണ്ടാമത്തെ ആളായ പുത്രൻ മനുഷ്യരെ രക്ഷിക്കുന്നതിനുവേണ്ടി മനുഷ്യാവതാരം ചെയ്തു പീഡകൾ സഹിച്ചു മരിച്ചു ഉയിർത്തു എന്നും, അതുവഴി മനുഷ്യനു നഷ്ടപ്പെട്ടുപോയ ദൈവസ്വഭാവത്തിലുള്ള ഭാഗഭാഗിത്വം അതുമൂലം വീണ്ടും ലഭിച്ചു എന്നും മറ്റുമുള്ള സത്യങ്ങൾ കത്തോലിക്കാവിശ്വാസത്തിന്റെ മൗലികതത്ത്വങ്ങളാണ്. നമ്മുടെ പാവനമായ മതത്തിന്റെ ഭിത്തിയത്രെ അവ വെളിപ്പെടുത്തുകയും ചെയ്യുന്നു. ഇതിൽ നാം അഭിമാനം കൊള്ളുകതന്നെവേണം. എന്നാൽ അതു നമ്മുടെ ജീവിതംകൊണ്ടാണ് കാണിക്കേണ്ടതു്. അതായതു് ഈ സത്യങ്ങളെ ഉറപ്പായി നാം വിശ്വസിക്കയും അതിനനുസരിച്ചു ജീവിക്കുകയും വേണം.

ഏകദൈവത്തിൽ മൂന്നാളുകളുണ്ടെന്നുള്ള സത്യത്തെ കത്തോലിക്കാ രിതുസ്സേ എന്നെന്നും രഹസ്യങ്ങളിൽ മഹാരിവ്യരഹസ്യമായി പരിഗണിച്ചുപോരുന്നു. 1860-ാമാണ്ടു് കൊളോണിൽ കൂടിയ പ്രാദേശികസൂനഹദോസ് സ്ഥാപിക്കുന്നതുപോലെ പ

തിരുഹൃ പിതാക്കന്മാരും വേദശാസ്ത്രജ്ഞന്മാരും ഏകകണ്ഠമായി, പ. ത്രിത്വത്തിന്റെ രഹസ്യം അവാച്യവും അഗ്രാഹ്യവുമാണെന്നു പ്രഖ്യാപനം ചെയ്യുന്നു. "ഭൂമിയോ അളക്കുമ്പോൾ ആരെങ്കിലും ഒരു സൃഷ്ടിക്കും ത്രിത്വത്തിന്റെ രഹസ്യം ഗ്രഹിക്കുവാൻ കഴിയുകയില്ല" എന്നു വി. ഉമ്മീസ് പാപ്പാ എഴുതിയിരിക്കുന്നു. ആ വിഷ്കരണം കൂടാതെ ഈ അത്യൽകൃഷ്ട രഹസ്യത്തെക്കുറിച്ചു യാതൊരറിവും നമുക്കുണ്ടാകയില്ലായിരുന്നു. പിതാവല്ലാതെ ഒരുവനും പുത്രനെ അറിയുന്നില്ല; പുത്രനും, പുത്രൻ ആർക്കു വെളിപ്പെടുത്തുവാൻ ഇച്ഛിക്കുന്നുവോ അവനും അല്ലാതെ ഒരുവനും പിതാവിനെയും അറിയുന്നില്ല. (Mt. xI. 27) ഒരു ദൈവത്തിൽ മൂന്നാളുകളുണ്ടായിരിക്കുവാൻ സാധിക്കുന്നതു എങ്ങനെ അഥവാ എന്തിനു എന്നു പറയുവാൻ നമുക്കു സാധിക്കുകയില്ല. എന്നാൽ മൂന്നാളുകളുണ്ടെന്നു നമുക്കു തീർച്ചയുണ്ട്. തെറ്റുവാനൊ, തെറ്റിക്കുവാനൊ, വഞ്ചിക്കുവാനൊ, വഞ്ചിക്കപ്പെടുവാനൊ പാടില്ലാത്ത നിത്യസത്യമായ ദിവ്യസുതൻതന്നെ ഈ സത്യം നമുക്കു വെളിപ്പെടുത്തി. നമുക്കു അതുമതി. അവിടുന്നു അരുളിച്ചെയ്യുന്നു. "ആകയാൽ നിങ്ങൾപോയി സകലജാതികളേയും ശിഷ്യപ്പെടുത്തി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു മാമ്മോദീസാ നൽകി ഞാൻ നിങ്ങളോടു കല്പിച്ചിട്ടുള്ളതെല്ലാം ആചരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ." (Mt. xxvIII. 19. 20) വി. യോഹന്നാൻ ശ്ലീഹാ എഴുതിയിരിക്കുന്നു. "സ്വർഗ്ഗത്തിൽ സാക്ഷ്യം വഹിക്കുന്നവർ മൂന്നുണ്ട്: പിതാവും, വചനവും, പരിശുദ്ധാത്മാവും; അവർ മൂന്നും ഒന്നാകുന്നു." (T. JO. V. 7) ദൈവത്തിന്റെ രഹസ്യങ്ങളിൽ ഏറ്റവും വലിയ രഹസ്യമായ പ. ത്രിത്വത്തെ തന്റെ അയോഗ്യസൃഷ്ടികളായ നമുക്കു വെളിപ്പെടുത്തുവാൻ ദൈവത്തിനു തിരുവുള്ളമുണ്ടായതെന്തുകൊണ്ടാണ്? ഏറ്റവും നിശ്ചിതമായ രഹസ്യങ്ങൾ ഒരുവൻ ആർക്കാണ് വെളിപ്പെടുത്തുക? ഉറ്റ മിത്രങ്ങൾക്കു മാത്രമേ വെളിപ്പെടുത്തുകയുള്ളൂ. തന്റെ കാരുണ്യാതിരേകത്താൽ സൃഷ്ടികളായ നമ്മെ, അയോഗ്യദാസന്മാരായ നമ്മെ, ദൈവം ഉറ്റമിത്രങ്ങളായി പരിഗണിച്ചു" ഈ രഹസ്യംകൂടെയും താൻ നമുക്കു വെളിപ്പെടുത്തി.

ഇതു" ദൈവത്തിന്റെ കൂടുംബരഹസ്യമാണെന്നു പറയാം. മനുഷ്യരുടെ വീടുകളിൽ വീടിനുപുറത്തു വിടാത്ത ചില രഹസ്യങ്ങളും ഉണ്ടു". ആ രഹസ്യങ്ങൾ പുറത്തുപോകാതിരിപ്പാൻ അ

വർ വളരെ കരുതലുള്ളവരുമാണു". പുറത്താക്കപ്പെട്ടിലും അതു വെളിപ്പെട്ടുത്തുന്നെങ്കിൽ ഏറ്റം വിശ്വാസമുള്ളവർക്കു മാത്രമാണു്. ദൈവത്തിന്റെ ഏറ്റവും നിഗൂഢമായ കുടുംബരഹസ്യമാണു" താൻ നമുക്കു വെളിപ്പെടുത്തിയിരിക്കുന്നതെന്നു ഓർക്കണം. ദൈവത്തിലെ മൂന്നാളുകളും പരസ്പരം സ്നേഹിക്കുന്നു. ഓരോരുത്തരും തന്നെത്തന്നെ മറ്റാളുകൾക്കു നൽകുന്നു. പരസ്പരം പൂർണ്ണമായി അറിയുന്നു. അവരിൽ ആർക്കും പ്രത്യേക രഹസ്യങ്ങളില്ല. പിതാവു സ്വന്ത സാദ്ധ്യവും പ്രതിഫലനവും പുത്രനിൽ കണ്ടു അങ്ങനെ സ്നേഹിക്കുന്നു. "നീ എന്റെ പുത്രനാകുന്നു. ഇന്നു ദിവസത്തിൽ നിന്നെ ഞാൻ ജനിപ്പിച്ചു. (Ps. II. 7) എനിക്കു പ്രസാദിച്ചിരിക്കുന്ന എന്റെ പ്രിയ പുത്രൻ ഇവനാകുന്നു." (Mt. III. 17.) (Mt. XVII. 5) എന്നു മിശിഹായെക്കുറിച്ചു പിതാവിൽ നിന്നു അരുളപ്പാടുണ്ടായി. "അബ്ബാ — പിതാവേ" എന്നു മധുരമായി സന്തോഷപൂർവ്വം പുത്രനിൽനിന്നു പുറപ്പെടുന്നു. സ്നേഹത്തിന്റെ അരൂപി—പരിശുദ്ധാത്മാവു പിതാവിൽനിന്നും പുത്രനിൽ നിന്നും പുറപ്പെടുന്നു. അനന്തവും, ശക്തിയേറിയതും, എരിയുന്നതും പരിശുദ്ധവും, അഗാധവും ഉഗ്രവുമായ അതുല്യവുമായ ഒരു സ്നേഹമാണു് പ. ത്രിത്വത്തിലെ ദിവ്യ ആളുകൾ തമ്മിലുള്ളതു്.

നമ്മുടെ കർത്താവുതന്നെ അതു നമ്മെ അറിയിച്ചിട്ടുണ്ടു". താൻ പറയുന്നു, "പിതാവു പുത്രനെ സ്നേഹിക്കുന്നു (Jo III. 35) ഞാനും എന്റെ പിതാവും ഒന്നാകുന്നു" (Jo. x. 30.) എന്റെ പിതാവു എന്നിലും ഞാൻ എന്റെ പിതാവിലും ആകുന്നു. (Jo. x. 30.) ദൈവത്തിന്റെ ഈ കുടുംബരഹസ്യം എത്ര സ്നേഹസംപൂർണ്ണവും മാധുര്യംനിറഞ്ഞതും ആശയസംപുഷ്ടവും ആണു"! എത്ര ധ്യാനിച്ചാലും തീരാത്ത സത്യത്തിന്റെ അനന്തനിക്ഷേപമാണിതു". നാമും ഈ കുടുംബത്തിലേക്കു ഉൾപ്പെടുത്തപ്പെട്ടതിനാൽ ആ സ്നേഹം നമ്മിലും കത്തിജ്വലിക്കേണ്ടതാണു". ദൈവത്തിന്റെ മക്കളെല്ലാവരും നമ്മുടെയും സഹോദരന്മാരാകയാൽ അവരിലാരും നമ്മുടെ സ്നേഹത്തിൽനിന്നു ഒഴിവാക്കപ്പെടരുതു". "പരിശുദ്ധനായ പിതാവേ, അവർ നമ്മെപ്പോലെ ഒന്നായിരിക്കേണ്ടതിനു അവരെ എനിക്കു തന്ന നീ നിന്റെ നാമത്തിൽ അവരെ കാത്തുകൊള്ളണമേ." (Jo. XVII. 11) പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും സംയോജിപ്പിക്കുന്ന ആ ദിവ്യസ്നേഹംതന്നെയായിരിക്കണം നമ്മുടെ പരസ്പരസ്നേഹത്തിന്റെയും യോജിപ്പിന്റെയും മാതൃക. സ്നേഹത്തിലും ഐക്യ

ത്തിലും നമ്മുടെ സമൂഹം പ. ത്രിത്വത്തിന്റെ ഒരു പകർപ്പായിരിക്കണം. ഇഹത്തിൽ പരസ്പരസ്നേഹത്താൽ നാം തമ്മിൽ യോജിക്കാതെ പ. ത്രിത്വത്തിന്റെ നിത്യാനന്ദത്തിൽ ആനന്ദിക്കുവാൻ നമുക്കു സാധിക്കയില്ല. നമുക്കു യഥാർത്ഥമായ പരസ്നേഹമുണ്ടെങ്കിൽ, "എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ വരുവിൻ" (Mt. XXV. 34) എന്ന ക്ഷണം നമുക്കു ലഭിക്കും. ഇല്ലെങ്കിലോ, "ശപിക്കപ്പെട്ടവരെ നിങ്ങളെന്നെവിട്ടു പിശാചിനും അവന്റെ ദൂതന്മാർക്കുമായി ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്കു പോകുവിൻ" (Mt. XXV. 41) എന്ന ശാപവാക്യമായിരിക്കും നമുക്കു കിട്ടുന്നതു്. സ്വർഗ്ഗസ്ഥപിതാവിനോടു മിശിഹായുടെ അവസാന പ്രാർത്ഥനയിൽ "നിനക്കു എന്നിലുണ്ടായ സ്നേഹം അവരിൽ ഉണ്ടാകുവാനും, ഞാൻ, അവരിൽ ഇരിക്കുവാനുംവേണ്ടി നിന്റെ നാമം ഞാൻ അവരെ അറിയിച്ചിരിക്കുന്നു, അറിയിക്കയും ചെയ്യും." (Jo. XVII. 26) എന്നു താൻ അപേക്ഷിച്ചെയ്കയുണ്ടായി എന്നുകൂടി നാം ഓർക്കണം.

ഈ രഹസ്യത്തെ നാം വിശ്വസിക്കുമ്പോൾ ദൈവത്തിന്റെ സത്യസന്ധതയ്ക്കു എത്രമാത്രം വലിയ വണക്കമാണു് കാണിക്കുന്നതു്? ഒരു ദേശത്തുനിന്നു ഒരു യാത്രക്കാരൻ വന്നു അവിടെ സാധാരണ എവിടെയും കാണാറുള്ള ചില കാര്യങ്ങൾ ഉണ്ടെന്നു പറഞ്ഞാൽ അയാളുടെ വാക്കു അനുസരിച്ചു നാം വിശ്വസിക്കുമ്പോൾ അയാളുടെ സത്യസന്ധതയെ സാമാന്യവിധത്തിൽ നാം ബഹുമാനിക്കുന്നു. എന്നാൽ വളരെ അസാധാരണമായ ചില കാര്യങ്ങൾ ഉണ്ടെന്നുപറഞ്ഞാൽ അവകൂടെയും സംശയരഹിതമായി സ്വീകരിക്കുമ്പോൾ നാം അയാളുടെ സത്യസന്ധതയെ വളരെ അധികം ബഹുമാനിക്കുന്നു. ഇപ്രകാരംതന്നെ നമ്മുടെ ബുദ്ധിക്കഗ്രാഹ്യമായ സത്യങ്ങളെ ദൈവം വെളിപ്പെടുത്തുമ്പോൾ അവയെ സമ്മതിക്കുന്നതിനേക്കാൾ കൂടുതൽ ബഹുമാനമാണു് തിക്കും അഗ്രാഹ്യമായ ഈ സത്യത്തെ സമ്മതിക്കുമ്പോൾ നാം ദൈവത്തിൽ നൽകുന്നതു്.

തിരുസ്സഭാപിതാവും മഹാപണ്ഡിതനുമായ വി. അഗുസ്തീനോസ് പ. ത്രിത്വത്തിന്റെ രഹസ്യം കഴിയുന്നതു മനസ്സിലാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി രാപകൽ അതേപ്പറ്റി ചിന്തിച്ചുകൊണ്ടിരുന്നു. പണ്ഡിതോചിതമായ വിധത്തിൽ ഈ ദിവ്യരഹസ്യത്തെക്കുറിച്ചു അദ്ദേഹം ഒരു പുസ്തകംതന്നെയും രചിച്ചിട്ടുണ്ടു്. ഈ പുസ്തകം എഴുതുന്നകാലത്തു ഒരു ദിവസം അല്പാല്പം

സന്തിനുവേണ്ടി കടൽതീരത്തു നടക്കുവാൻ പോയി. അവിടെ ചിന്താമഗ്നനായി നടക്കുകയിൽ ഒരു കൊച്ചുകുട്ടി മണലിൽ ഒരു ചെറിയ കുഴിയുണ്ടാക്കി ഒരു കക്കാകൊണ്ടു കടലിൽനിന്നു വെള്ളം കോരി ആ കുഴിയിൽ ഒഴിക്കുന്നതുകണ്ടു, "എന്റെ കുഞ്ഞേ, നീ എന്താണു് ചെയ്യുന്നതു്?" എന്നു വി. ആഗസ്തീനോസു് ചോദിച്ചു. "കടലിലെ വെള്ളം മുഴുവൻ ഈ കുഴിയിലേക്കു പകർത്തുവാനാണു് ഞാൻ ശ്രമിക്കുന്നതു്" എന്ന മറുപടികിട്ടി. "ഇതു് അസാദ്ധ്യമാണെന്നു് നിനക്കറിഞ്ഞുകൂടയോ?" എന്നു വിശുദ്ധൻ വീണ്ടും ചോദിച്ചു. അതിനു ആ കുട്ടി പറഞ്ഞ മറുപടി ഇതായിരുന്നു, "അങ്ങയുടെ ഗ്രഹണശക്തിയെക്കാൾ അത്ഭുതത്തെ അങ്ങേയ്ക്കു ഗ്രഹിക്കുവാൻ സാധിക്കുന്നതിനേക്കാൾ എളുപ്പത്തിൽ കടലിലെ വെള്ളമെല്ലാം ഈ കുഴിയിലാക്കുവാൻ സാധിക്കും." ഇതുയും പറഞ്ഞു ആ കുട്ടി അപ്രത്യക്ഷനായി. ആഗസ്തീനോസിനു കാര്യം മനസ്സിലാവുകയും ചെയ്തു.

ഈ കഥ നമ്മുടെ പ്രതീക്ഷയെ വർദ്ധിപ്പിച്ചു നമ്മെ ധൈര്യവും ഉന്മേഷവും ഉള്ളവരാക്കുന്നു. നമ്മിലേക്കുമാത്രം നോക്കിയാൽ നന്മയായിട്ടെന്തെങ്കിലും തന്നിയെ ചെയ്യുന്നതിനു വശമില്ലാത്ത ഒരവസ്ഥയിലായിരിക്കണം നമുക്കതന്നെ നാം കാണപ്പെടുന്നതു്. തിന്മയിലേക്കുള്ള ചാഞ്ചില്, നാം ചെയ്തിട്ടുള്ള നിരവധി പാപങ്ങൾ, ഇവ നമ്മെ അധൈര്യപ്പെടുത്തുന്നു. എന്നാൽ നമ്മുടെ കണ്ണുകളെ പരിശുദ്ധ ത്രിത്വത്തിലേക്കു തിരിച്ചാൽ നമ്മുടെ ശരണം പുനർജീവിക്കുകയും നാം ധൈര്യം അവലംബിക്കുകയും ചെയ്യും ത്രിത്വത്തിലെ ഒന്നാമത്തെ ആളിൽ, നമ്മെ സ്വന്തമക്കളെന്നു വിളിക്കയും അങ്ങനെ ആക്കിത്തീർക്കുകയും ചെയ്യുവാൻതക്ക സ്നേഹമുള്ള ഒരു പിതാവിനെ നാം കാണുന്നു. (I. Jo. III. 1.) രണ്ടാമത്തെ ആളിൽ, നമ്മുടെ കടങ്ങൾ വീട്ടുന്നതിനു സ്വരക്തം നൽകുന്ന ഒരു മദ്ധ്യസ്ഥനേയും, നമുക്കുവേണ്ടി പ്രാർത്ഥിക്കുന്ന ഒരു മുഖ്യപുരോഹിതനേയും, നമുക്കുവേണ്ടി വാദിക്കുന്ന ഒരു വക്കീലിനേയും നാം കാണുന്നു. മൂന്നാമത്തെ ആളിൽ, നമ്മുടെ വിശുദ്ധീകരണത്തിൽ രാപകൽ വ്യാപൃതനായിരിക്കുന്ന ഒരു സ്നേഹിതനേയും, നമ്മുടെ ബലഹീനതയിൽ ഒരു തുണയേയും, നമ്മുടെ അന്ധതയിൽ ഒരു പ്രകാശത്തേയും, നമ്മുടെ സങ്കടങ്ങളിൽ ഒരു ആശ്വാസഭാതാവിനേയും സഫലീകരണങ്ങളുടെയും നല്ല ആഗ്രഹങ്ങളുടെയും ജനയിതാവിനേയും നാം കാണുന്നു. പിതാവു, പുത്രൻ, പരിശുദ്ധാത്മാവു എന്നീ പരിപാവ

ന നാമങ്ങൾ ഹൃദയത്തിനെ എത്രുവലിയ ആശ്വാസത്തെയും ധൈര്യത്തേയുമാണ് പ്രദാനം ചെയ്യുന്നതു! സജീവവിശ്വാസമുള്ള ഏവനും ഏതാദൃശ നാമത്രുവണത്തിൽ പ്രതീക്ഷയും ധൈര്യവും പൂണ്ട ആനന്ദസാഗരത്തിൽ മുഴുകുന്നു.

ഈ മാധുര്യനാമങ്ങൾ നമ്മുടെ ജീവിതത്തോടു് അവശ്യം ബന്ധപ്പെട്ടവയാണു്. ഈ തിരുനാമങ്ങളാലാണു് മാമ്മോദീസായിൽ നാം പുനർജീവിച്ചു് ദൈവസ്വഭാവത്തിൽ പങ്കുകാരും, സ്വർഗ്ഗീയരാജ്യത്തിൽ പൂർണ്ണക്രിസ്ത്യാനികളും ആയിത്തീരുന്നതു്. പാപസങ്കീർത്തനത്തിൽ പാപമോചനം ലഭിക്കുന്നതും, വിവാഹം വിശ്വാസികളെ യോജിപ്പിക്കുന്നതും, പുരോഹിതന്മാർ അഭിഷേകം ചെയ്യപ്പെടുന്നതും, ഈ പാവനനാമങ്ങളാലാണു്. സഭാമാതാവു സ്വസന്താനങ്ങളെ ആശീർവ്വദിക്കുന്നതും അവളുടെ പ്രാർത്ഥനകളേയും സങ്കീർത്തനങ്ങളേയും ആരംഭിക്കുന്നതും അവസാനിപ്പിക്കുന്നതും ഈ തിരുനാമങ്ങളിലാണു്. ക്രിസ്തീയമാതാപിതാക്കൾ തങ്ങളുടെ പിഞ്ചുപൈതങ്ങളെ ആദ്യം പഠിപ്പിക്കുന്ന ദിവ്യനാമങ്ങൾ ഇവയാണു്. മൃദുലമായ നമ്മുടെ കൊച്ചുകരങ്ങൾകൊണ്ടു അമ്മയുടെ സഹായത്തോടുകൂടി നാം കുരിശിന്റെ അടയാളം വരക്കുവാൻ പഠിച്ച ദിവസത്തെ ഓർമ്മയിൽ വരുത്തുക. നമ്മുടെ വിശ്വാസത്തിന്റെ ഒന്നാമത്തെ പ്രകരണം പരിശുദ്ധത്രിത്വത്തെ കുറിച്ചായിരുന്നില്ലയോ? സഭാമാതാവു സ്വസന്താനങ്ങളെ അവരുടെ ജീവിതകാലംമുഴുവൻ സ്വീകരിച്ചശേഷം അവസാനമായി ഈ ലോകവാസം വെടിയാറാകുമ്പോൾ പ. ത്രിത്വത്തിന്റെ നാമത്തിൽ അവരെ പരലോകത്തിലേക്കു യാത്രയാക്കുന്നു. മരണസമയത്തു നാം നിത്യത്വത്തിന്റെ കവാടത്തിലെത്തുമ്പോൾ ഈ ലോകത്തിൽ അവസാനമായി കേൾക്കുന്നതു് പ. ത്രിത്വത്തിലെ മൂന്നാളുകളുടെ തിരുനാമങ്ങളായിരിക്കും. അന്നു "ക്രിസ്തീയാത്മാവെ, നിന്നെ സൃഷ്ടിച്ച പിതാവിന്റെയും നിന്നെ വീണ്ടുരക്ഷിച്ച പുത്രന്റെയും നിന്നെ വിശുദ്ധീകരിച്ച പരിശുദ്ധാത്മാവിന്റെയും നാമത്തിൽ പുറപ്പെട്ടുപോവുക" എന്നു പട്ടക്കാരൻ നമ്മോടു പറയും. ഇങ്ങനെ ജീവിതത്തിലും മരണത്തിലും മരണശേഷവും നമ്മുടെ ഏകാശ്രയം പരിശുദ്ധ ത്രിത്വമാണു്. ക്രിസ്തീയ മരണത്തിന്റെ ശക്തിയും ആധാരവും മനോജ്ഞതയും പരിശുദ്ധ ത്രിത്വത്തിന്റെ പരമരഹസ്യത്തിൽ തിരുസ്സഭ കണ്ടെത്തുന്നു.

ഈ രഹസ്യത്തിന്റെ ശരിയായ സ്വീകരണത്തിൽ നമ്മുടെ സകല പ്രവൃത്തികളുടെയും ജീവിതം മുഴുവന്റെയും അന്ത്യം അടങ്ങിയിരിക്കുന്നു. നിത്യതയിൽ നമുക്കു നിവൃഹിക്കാനുള്ള ചുമതലതന്നെയാണ് ഇവിടെയും നമുക്കുള്ളതു്. അതായതു് ത്രിയേകദൈവത്തെ സ്തുതിക്കയും മഹത്വപ്പെടുത്തുകയും ചെയ്യുക. നമ്മുടെ വിശ്വാസത്തിന്റെ രഹസ്യങ്ങളിൽ പ്രമുഖസ്ഥാനം അരാധ്യമായ ഈ പരമരഹസ്യത്തിനാണു്. ഇതിൽ നമ്മുടെ വിശ്വാസത്തിന്റെ അചഞ്ചലമായ അടിസ്ഥാനത്തേയും നമ്മുടെ ശരണത്തിന്റെ ഏറ്റം ഉറപ്പുള്ള ആലംബത്തേയും ദൈവത്തോടും അയൽക്കാരനോടും നമുക്കുണ്ടാകേണ്ട സ്നേഹത്തിന്റെ ശക്തിയേറിയ മുഖാന്തരത്തേയും നാം കാണുന്നു. മൂന്നാളുകളിൽ ഒരു ദൈവം എന്നുള്ള സത്യം നമ്മുടെ വിശ്വാസത്തിന്റെ അത്യൽകൃഷ്ടമായ വിഷയമാണു്. അവിഷ്കൃത സത്യങ്ങളുടെയെല്ലാം അണിക്കല്ലും മകുടവും എന്നുള്ള ക്രിസ്തുമതത്തിന്റെ തന്നെ അടിസ്ഥാനവുമാണ് അതു്. ത്രിയേകദൈവത്തിലുള്ള വിശ്വാസം വാക്കുകൊണ്ടു മാത്രമല്ല, ബാഹ്യമായ മറ്റെല്ലാ ആരാധനവണക്ക പ്രവൃത്തികളാലും ഏറ്റുപറയുന്നതിൽ തിരുസ്സഭ എന്നും ഉത്സുകയായി വർത്തിക്കുന്നു. പരിശുദ്ധ ത്രിത്വത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട നമ്മുടെ ആത്മാവിൽ മാമ്മോദീസാവഴിയായി അവിടുന്നു തന്റെ ദിവ്യരൂപം കൂട്ടത്തിൽ പതിക്കുകയും അതോടെ നാം പിതാവിന്റെ മക്കളും പുത്രന്റെ സഹോദരന്മാരും പരിശുദ്ധാത്മാവിന്റെ ആലയങ്ങളുമായിത്തീരുകയും ചെയ്യുന്നു. പ്രസാദവരങ്ങളുടെയെല്ലാം ഉത്ഭവസ്ഥാനമായ ത്രിയേകദൈവത്തിൽനിന്നാണ് കൂദാശകളിലൂടെ നാം പ്രസാദവരം സ്വീകരിക്കുന്നതു്.

നമ്മുടെ സ്നേഹത്തെ വർദ്ധിപ്പിക്കുന്നതിനു പരിശുദ്ധത്രിത്വത്തിന്റെ മൂന്നാളുകളെ ഓർക്കുന്നിടത്തോളം അത്ര പറഞ്ഞിയ മാർഗ്ഗം വേറെയില്ല. ദൈവമഹത്വത്തെയും ദൈവനന്മയേയും പൂർണ്ണമായി ഗ്രഹിക്കുന്ന പിതാവിനേയും, അവയെ പൂർണ്ണമായി സ്തുതിക്കുന്ന പുത്രനേയും, പൂർണ്ണമായി സ്നേഹിക്കുന്ന പരിശുദ്ധാത്മാവിനേയും ഓർക്കുമ്പോൾ ദൈവം എത്രയോ സ്നേഹയോഗ്യനായി നമുക്കു പ്രത്യക്ഷപ്പെടുന്നു! അതേ, ദൈവം സ്നേഹംതന്നെയാകുന്നു എന്നുപ്പോൾ നാം ഉത്ഘോഷിക്കും. പിതാവു സ്നേഹമാകുന്നു. എന്തെന്നാൽ സുതനായ ദൈവത്തിന്റെ പിതാവായതുകൊണ്ടുമാത്രം തൃപ്തിപ്പെടാതെ നമ്മുടേയും പിതാവായിരിക്കുവാൻ

താൻ തിരുച്ചിത്തമായി. നമുക്കു ആസ്തിക്യവും ജീവനും നല്കി സൃഷ്ടിയിൽ അവിടുന്നു നമ്മുടെ പിതാവായി (Deut xxxii. 6) ഇഹലോകത്തിൽ താമസിക്കുന്ന തന്റെ മക്കളായ നമ്മെപ്പറ്റിയുള്ള തന്റെ ശ്രദ്ധ നിമിത്തവും പൈതൃകപരിപാലനയാലും അവിടുന്നു നമ്മുടെ പിതാവാണ്. (wis. XIV. 3) "തന്റെ ഇഷ്ടത്തിനു പ്രസാദിച്ചവണ്ണം നമ്മെ സ്നേഹംമൂലം തനിക്കായി മുൻകൂട്ടി അടയാളപ്പെടുത്തുകയും ഈശോമിശിഹായിൽ നമ്മെ പുത്രന്മാരായി സ്ഥാപിക്കയും ചെയ്തു"തിനാലും (Eph. I. 5) അവിടുന്നു സാക്ഷാൽ നമ്മുടെ പിതാവാണ്. "തന്റെ സൃഷ്ടികളിൽ നാം ആദ്യഫലമാകുവാൻ അവിടുന്നു ഇച്ഛിക്കുകയും സത്യത്തിന്റെ വചനത്താൽ നമ്മെ ജനിപ്പിക്കുകയും ചെയ്തിരിക്കുന്നതിനാലും അവിടുന്നു നമ്മുടെ പിതാവാണ്. (James I. 18) മാമ്മോദീസായാകുന്ന പുനർജ്ജന്മത്തിൽ തന്റെ ജീവൻ നമ്മിലേക്കു പ്രവഹിപ്പിച്ചതിനാലും താൻ നമ്മുടെ പിതാവാണ്. (Jo. III. 5) "അബാ (അപ്പാ)–ഞങ്ങളുടെ പിതാവേ–എന്നു വിളിക്കുന്ന തന്റെ പുത്രന്റെ ആത്മാവിനെ ദൈവം നമ്മുടെ ഹൃദയങ്ങളിലേക്കു അയച്ചതിനാലും അവിടുന്നു നമ്മുടെ പിതാവാണ്. അവസാനമായി യാതൊരു ഭൗമികപിതാവും ഒരിക്കലും പ്രദർശിപ്പിച്ചിട്ടില്ലാത്തവണ്ണം അത്ര വലിയ സ്നേഹത്താൽ ഏകജാതനെപ്പോലും നമുക്കുവേണ്ടി ബലിയർപ്പിച്ച ആ പരമകാരുണികൻ നമ്മുടെ പിതാവത്രെ. അതേ, ദൈവം നമ്മുടെ വാത്സല്യപിതാവും നാം തന്റെ മക്കളും ആണ്. ഈ ചിന്തയാൽ ഏതു ഹൃദയമാണ് സ്നേഹത്താൽ അലിഞ്ഞുപോകാത്തത്! പുത്രവാത്സല്യംനിറഞ്ഞ ഒരു ഹൃദയത്തോടുകൂടിയല്ലാതെ ഇത്ര നല്ല പിതാവിനെക്കുറിച്ചു ചിന്തിക്കുവാൻ നമുക്കു സാധിക്കുമോ?

സുതനായ ദൈവവും സ്നേഹമാണ്. നമ്മെ രക്ഷിക്കുന്നതിനുവേണ്ടി താൻ മനുഷ്യനായി. ദാസന്റെ രൂപമെടുത്തു തന്നെത്തന്നെ വെറുമയാക്കി, പീഡകൾസഹിച്ചു, ജീവൻ പൂജിച്ചു. തന്റെ പിതാവിന്റെയും പരിശുദ്ധാത്മാവിന്റെയും സന്നിധിയിൽ "നമ്മെ തന്റെ സഹോദരന്മാരെന്നു വിളിക്കുവാൻ അവിടുന്നു ലജ്ജിക്കുന്നില്ല" (Heb. II. 11) താൻ ഇരിക്കുന്നിടത്തു നമ്മെയും ഇരുത്തുവാൻ അവിടുന്നു ഇച്ഛിക്കുന്നു. (Jo. XVII. 24) മാത്രമോ, തന്നോടുകൂടി തന്റെ സിംഹാസനത്തിൽത്തന്നെ ഇരിക്കുവാൻ അവിടുന്നു നമുക്കു വരം വാഗ്ദാനംചെയ്യുന്നു. (Apoc. III. 21) മനുഷ്യനെ പ്രകൃതിയിൽ ദൈവമാക്കുവാൻ സാധിക്കാ

ത്തതിനാൽ പ്രസാദവരദാനത്താലും, സ്നേഹൈകൃത്താലും ദൈവമാക്കുവാൻ അവിടുന്നു തിരുമനസ്സായി (Jo XVII. 21) നമ്മുടെ ദൈവസ്നേഹത്തെ വർദ്ധിപ്പിക്കുവാൻ ഇതു പോരയൊ?

പിതാവിന്റെയും പുത്രന്റെയും സ്നേഹം തന്നെയായ പരിശുദ്ധാത്മാവും സ്നേഹമാണെന്നുള്ളതിൽ ആർക്കാണ് സംശയം? പുത്രനായ ദൈവം തന്നെത്തന്നെ നമുക്കു നൽകിയതു് പരിശുദ്ധാത്മാവുവഴിയായിട്ടാണ്. ഉപവി നമ്മുടെ ആത്മാവിലേക്കു ചിന്തപ്പെടുന്നതു് അവിടുന്നു മുഖേനതന്നെ. (Rom. V. 5) തന്റെ സഹായത്താലത്രെ നല്ല പ്രാർത്ഥനകൾപോലും ഉച്ചരിക്കപ്പെടുന്നതു്. (Rom. VII. 26) നമ്മുടെ തെറ്റുകളെ തിരുത്തുന്നതിനും, നാം പുണ്യങ്ങളിൽ അഭ്യസിക്കുന്നതിനും പാപികളായ നമ്മിൽനിന്നു പുണ്യവാന്മാരെ രൂപപ്പെടുത്തുന്നതിനും ഒരു ആവശ്യത്തിലെന്നവണ്ണം നമ്മിൽ അവിടുന്നു വസിക്കുന്നു. (I. cor. III. 16) ത്രിത്വത്തിലെ മൂന്നാളുകളെക്കാൾ സ്നേഹശീലരായി ആരാണുള്ളതു്? അവരുടെ സ്മരണ എങ്ങനെ നമ്മുടെ ഹൃദയത്തെ സ്നേഹംകൊണ്ടു നിറക്കാതിരിക്കും?

എന്നാൽ പ. ത്രിത്വത്തോടു നമുക്കു ചില ചുമതലകളുണ്ടെന്നുള്ളതു് വിസ്മരിക്കരുതു്. വളരെ മാന്യന്മാരായ ഏതാനും ആളുകൾ എല്ലാസ്ഥലത്തും സദാ ഒരുവനെ അനുഗമിക്കുന്നു എന്നു വിചാരിക്കുക. അവരുടെ സ്വന്ത കാര്യലാഭത്തെക്കുറിച്ചല്ല അയാളോടുള്ള വാത്സല്യത്താൽ നിസ്വാർത്ഥമായിട്ടാണ് അവർ അങ്ങനെ ചെയ്യുന്നതു്. എന്നാൽ അവൻ ഇതു മാന്യന്മാരായ തന്റെ കൂട്ടുകാരെ വകവയ്ക്കാതെയും അവരെ ഓർക്കാതെയും അവരോടു സ്നേഹവും വണക്കവും കാണിക്കാതെയും നടക്കുന്നെങ്കിൽ അവനെപ്പറ്റി എന്തു പറയണം? നീചമായ നന്ദികേടല്ലയൊ അതു്? എന്നാൽ പ. ത്രിത്വത്തിലെ മൂന്നാളുകളെ ഇടയ്ക്കിടെ വണക്കത്തോടും സ്നേഹത്തോടുംകൂടി ഓർക്കാതെ നടക്കുന്ന ക്രിസ്ത്യാനി അതിനേക്കാൾ വലിയ നന്ദികേടാണ് കാണിക്കുന്നതു്. അങ്ങനെ എങ്കിൽ, ദൈവികകാര്യങ്ങൾക്കുവേണ്ടി പ്രത്യേകം തിരഞ്ഞെടുത്തു മാറ്റിവെക്കപ്പെട്ടിരിക്കുന്ന സന്യാസിയെപ്പറ്റി എന്തു പറയണം? അയാളോടുകൂടെ എന്നല്ല അയാളിൽത്തന്നെ പരിശുദ്ധ ത്രിത്വത്തിലെ മൂന്നാളുകളും അവരുടെ അധിവാസം ഉറപ്പിച്ചിരിക്കുന്നു. രാപകൽ അവർ അയാളോടുകൂടിയുണ്ടു്. മുറിയിലും പുറത്തും എവിടെയും എന്നും അവരോടുകൂടിയാണ് അയാളുടെ ജീവിതം. എന്നിട്ടും ഇത്രവലിയ ആളുകളെ സ്നേഹവ

ണ്ടാക്കുന്നുള്ളൂടെകൂടി സദാ സ്മരിക്കുന്നില്ലെങ്കിൽ എത്രകഷ്ടം! ഇതിനേക്കാൾ വലിയ നന്ദികേടോ കൃതഘ്നതയോ ഉണ്ടോ? അവരുടെ സാന്നിദ്ധ്യത്തെ വിസ്മരിക്കുകയോ അവരോടു സംഭാഷണം ചെയ്യുന്നതിൽ വൈമനസ്യം കാണിക്കുകയോ ചെയ്യുന്നെങ്കിൽ അതു എത്രവലിയ തെറ്റാണ്? അയാൾക്കു അല്പംകൂടി വിശ്വാസമുണ്ടായിരുന്നെങ്കിൽ തന്നെ സൃഷ്ടിക്കുകയും പരിപാലിക്കയും സ്വന്ത അമ്മയെക്കാൾ വലിയ സ്നേഹത്തോടുകൂടെ മാറോടണച്ചു വെച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ആ നല്ല പിതാവിന്റെ സാന്നിദ്ധ്യത്തിലാണ് അയാൾ സദാ വ്യാപരിക്കുന്നതെന്നുള്ള ഓർമ്മ ഹൃദയത്തിനു ഏറ്റം വലിയ ആനന്ദവിഷയമായിരുന്നേനെ. (Act XVII. 28) അതുപോലെതന്നെ അനവധി വിധകളും സഹിച്ചു്, അയാളെ വീണ്ടുരക്ഷിക്കുകയും സമ്പത്തിലും സമൃദ്ധിയിലും സമൃദ്ധിയിലും ഇരുന്നുകൊണ്ടു് അയാൾക്കുവേണ്ടി മാദ്ധ്യസ്ഥം പറയുകയും ചെയ്യുന്ന ദിവ്യസുതനും അയാളുടെ ആത്മരക്ഷയിലും വിമുക്തീകരണത്തിലും സദാ വ്യാപൃതനായിരിക്കുന്ന പരിശുദ്ധാത്മാവും ഒരിക്കലും പിരിയാത്ത കൂട്ടുകാരനെന്നുള്ള സ്മരണ ഏതൊരുവനെയാണു് സ്നേഹത്താൽ എരിയിക്കാത്തതു്?

ഇത്രവലിയ ആളുകളുടെ സംസർഗ്ഗവും കൂട്ടുമായിരുന്ന വനവാസികളുടെ ആനന്ദഹേതു. ലോകത്തിൽനിന്നകന്നു സഹജീവികളെ കാണുകയോ അവരോടു സംസാരിക്കയോ ചെയ്യാതെ ഏകാകികളായി ഭയങ്കരമായ വനാന്തരങ്ങളിൽ ഇട്ടുതിയ ഗുഹകളിൽ ഒന്നോ രണ്ടോ വർഷത്തേക്കല്ല ചിലപ്പോൾ ജീവപര്യന്തവും അതിലധികവും ജീവിക്കുവാൻ അവർക്കു് സാധിച്ചതിൽ വിസ്മയം തോന്നിയേക്കാം. എന്നാൽ അവരുടെ കൂട്ടുകാരെപ്പറ്റി ശരിയായ ജ്ഞാനമുള്ളവർക്കു് അതിലല്ല വിസ്മയം; മറിച്ചു, ഇത്രവലിയ കൂട്ടുകാരെ മറന്നു മനുഷ്യരോടു സംസർഗ്ഗം ചെയ്യുവാൻ ഇഷ്ടപ്പെടുന്നവരെ കണ്ടെത്തുന്നതിലാണ് അത്ഭുതം. ഭയങ്കര വനാന്തരത്തിൽ പാർപ്പിടമായും, ഇട്ടുതിയ ഗുഹകളിൽ സമ്പത്തും അവർ കണ്ടെത്തി. ഒഴിച്ചു മനുഷ്യപ്രകൃതിക്കു് ആനന്ദകരമായി അവിടെ ഒന്നും ഉണ്ടായിരുന്നില്ല. വിശപ്പടക്കുന്നതിനും, എന്നാൽ ജീവസന്ധാരണത്തിനുപോലും കാട്ടുകിഴങ്ങുകളും പച്ചിലകളും അയിരുന്നു അവരുടെ ഭക്ഷണം. മാംസത്തിനു പച്ചവെള്ളമല്ലാതെ ഒന്നും അവർക്കുണ്ടായിരുന്നില്ല. എങ്കിലും അവർ തങ്ങളെ ശോകനാശത്തിനു ഏറ്റവും സമർത്ഥന്മാരായി

കരുതിയിരുന്നു. കാരണം, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും സാന്നിദ്ധ്യത്തിലാണെന്നുള്ള ഓർമ്മ ഇടവിടാതെ അവർക്കുണ്ടായിരുന്നതുതന്നെ. ഈ ദിവ്യ അതിഥികളോടു സംസാരിക്കുന്നതിനും, അവരെ ശ്രവിക്കുന്നതിനും, അവരെ സ്നേഹിക്കുന്നതിനും, അവരെ അനുഭവിക്കുന്നതിനും, അവരുടെ സാന്നിദ്ധ്യത്തിൽ സ്വർഗ്ഗ ആനന്ദവും കണ്ടെത്തുന്നതിനും, അവർക്കിടയാമായിരുന്നു.

പഴയവനവാസികളുടെ മാത്രമല്ല വിശുദ്ധന്മാരുടെയെല്ലാം അനുഭവം അതുതന്നെയാണു്. കഠിന അദ്ധ്വാനത്തിന്റെയും നിരവധി ക്ലേശങ്ങളുടെയുമൊപ്പം വി. ഫ്രാൻസീസ് സേവിയറിന്റെ ശക്തിയും പ്രതീക്ഷയും ആശ്വാസവും പ. ത്രിത്വത്തെക്കുറിച്ചുള്ള ഓർമ്മയായിരുന്നു. "ഓ! പ. ത്രിത്വമെ!" എന്ന സ്നേഹനെടുവീർപ്പു് പലപ്പോഴും അദ്ദേഹത്തിന്റെ അധരങ്ങളിൽനിന്നും പുറപ്പെട്ടിരുന്നതിനാൽ അജ്ഞാനികൾപോലും അദ്ദേഹത്തെ അനുകരിച്ചു അങ്ങനെ പറയുവാൻ താല്പര്യപ്പെടുത്തിപ്പിച്ചിരുന്നു. അതിനവർ പറഞ്ഞിരുന്ന കാരണം ആ വാക്കുകൾ ഒരു ദിവ്യപുരുഷന്റെ അധരങ്ങളാൽ ഉച്ചരിക്കപ്പെട്ടവയായിരുന്നു എന്നാണു്. "ഓ! പരിശുദ്ധ ത്രിത്വമെ അങ്ങേ സ്നേഹത്തിനും ബഹുമാനത്തിനും സ്തുതിക്കും വേണ്ടി" എന്ന സുകൃതജപത്തിൽ അദ്ദേഹം തന്റെ അദ്ധ്വാനങ്ങൾക്കുവേണ്ട ശക്തി കണ്ടെത്തിയിരുന്നു. ഒരിക്കൽ ഈ മഹാസിദ്ധൻ കപ്പൽയാത്ര ചെയ്യുമ്പോൾ ഒരു വലിയ കൊടുങ്കാറ്റുണ്ടായി. അതിന്റെ ശക്തിയാൽ മൂന്നു ദിനരാത്രങ്ങൾ പുറംകടലിൽ ആ കപ്പൽ അലതല്ലി ചുറ്റിത്തിരിഞ്ഞു കപ്പിത്താന്റെയും അതിലുണ്ടായിരുന്ന സകലത്തിന്റെയും നാശം അനിവാര്യമായി കാണപ്പെട്ടു. നിശ്ചലമായ ശാന്തതയോടുകൂടി പുണ്യവാൻ "പിതാവും പുത്രനും പരിശുദ്ധാത്മാവുമായ മഹാദൈവമെ ഞങ്ങളെ അനുഗ്രഹിക്കണമെ." എന്നു പ്രാർത്ഥിച്ചുമാത്രയിൽ കടൽക്ഷോഭം നിന്നു, എല്ലാം ശാന്തമായി.

വി. അഗുസ്തീനോസ് മല്ലാൻ അത്ഭുതപ്രവർത്തനങ്ങളുടെ ഇടയിൽ സ്വശക്തിയെ ഉജ്ജീവിപ്പിച്ചിരുന്നതു് "ഓ! എന്റെ സ്നേഹമെ! ഓ! പ. ത്രിത്വമെ! എന്റെ സന്തോഷമെ!" എന്ന സുകൃതജപത്താലായിരുന്നു. യുവാവായ നെയൊഫയിറ്റു് പുണ്യവാൻ ഡയോക്ലീഷ്യന്റെ വേട്ടയ്ക്കുകാലത്തു് ശത്രുക്കളുടെ കോപത്തിൽനിന്നു് ഓടിഒളിച്ചു് ഒരു ഗുഹയിൽ കാലം കഴിച്ചു.

ശേഷിച്ച ആയുഷ്കാലം മുഴുവൻ ഒരു പ്രത്യേക സംഗീതത്താൽ പ. ത്രിത്വത്തെ സ്തുതിച്ചുകൊണ്ടു ദൈവൈകൃത്തിൽ അദ്ദേഹം അവിടെകഴിച്ചുകൂട്ടി. വി. ശൈമഓൻ എസ്താ്യ വളരെ എരിവോടുകൂടി പ. ത്രിത്വത്തെ സ്തുതിച്ചിരുന്ന ഒരു പുണ്യവാനാണ്". തീവ്രമായ ഭക്തിയോടുകൂടിയായിരുന്ന അദ്ദേഹം ത്രിത്വസ്തുതിചൊല്ലിയിരുന്നതു്. ജർമനിയുടെ ഗ്ലീഹാ ആയ വി. ബൊനിഫാസി തന്റെ കഠിനവേലകളെ ലഘുവാക്കിയിരുന്നതു് ത്രിത്വൈകദൈവത്തോടുള്ള സ്നേഹത്തെക്കുറിച്ചു് എന്ന വാക്കുകളാലായിരുന്നു. വന്ദ്യനായ ബേദാ എന്നദ്ദേഹം ദിവസത്തിൽ അനേകം പ്രാവശ്യം ത്രിത്വസ്തുതി വളരെ ഭക്തിപൂർവ്വം ചൊല്ലിയിരുന്നു. രാത്രിയിൽ ഉണർന്നാൽ ആദ്യമായി അദ്ദേഹത്തിന്റെ അധരങ്ങളിൽനിന്നു പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി എന്ന വാക്കുകളാണു് പുറപ്പെട്ടിരുന്നതു്. ഈ പ്രാർത്ഥനയോടുകൂടിത്തന്നെ ഇഹലോകവാസം വെടിഞ്ഞു പ. ത്രിത്വത്തിന്റെ സന്നിധിയിലേക്കു് പുറപ്പെടുവാൻ അദ്ദേഹത്തിനു ഭാഗ്യം സിദ്ധിച്ചു വി. ബൊനഡിക്ററ് ലാബ്രെ മരണശേഷം രോഗബാധിതയായ ഒരു കന്യകയ്ക്കു പ്രത്യക്ഷനായി, "ദൈവത്തിന്റെയും ഏറ്റം പ. ത്രിത്വത്തിന്റെയും നാമത്തിൽ എഴുന്നേല്ക്കുക. നീ സുഖമായിരിക്കുന്നു." എന്നു പറഞ്ഞു ഈ കാര്യയുടെ സമയത്തു വിശുദ്ധന്റെ മാറത്തു ശോഭയേറിയ ഒരു ആഭരണവും അതിന്റെ മദ്ധ്യഭാഗത്തു പ ത്രിത്വത്തിന്റെ ചിഹ്നവും ആ കന്യകകണ്ടു", വിസ്മയഭരിതയായി നോക്കിയിരിക്കയിൽ ആ വിശുദ്ധൻ കന്യകയോടു ഇങ്ങനെ പറഞ്ഞു: "എന്റെ മാറത്തു കാണുന്നതും നിന്നെ വിസ്മയിപ്പിക്കുന്നതുമായ ഈ ആഭരണം എനിക്കു പ. ത്രിത്വത്തോടുള്ള ഭക്തിക്കും അതു് റോമിലെ യുവാക്കന്മാരുടെ ഇടയിൽ പ്രചരിപ്പിക്കുന്നതിനു ഞാൻചെയ്ത പരിശ്രമത്തിനും സമ്മാനമായി കിട്ടിയതാണു്." വി. ഫ്രാൻസീസ് അസീസി വളരെ ഭക്തിപൂർവ്വം ത്രിത്വസ്തുതി ചൊല്ലുക പതിവായിരുന്നു. ഒരിക്കൽ അദ്ദേഹം ഒരു സഹോദരനോടു പറഞ്ഞു: "ത്രിത്വസ്തുതി നന്നായി പഠിച്ചുകൊള്ളുക. വി. ലിഖിതത്തിന്റെ സത്തു് അതിൽ നിങ്ങൾ കണ്ടെത്തും." മരിച്ച ഒരു സന്യാസി വേറൊരു സന്യാസിക്കു ഒരിക്കൽ പ്രത്യക്ഷപ്പെട്ടു് ത്രിത്വസ്തുതി പ്രത്യേക ഭക്തിയോടുകൂടി ചൊല്ലിയിരുന്നതിനാൽ താൻ വലിയ ശിക്ഷകളിൽനിന്നു മോചിതനായി എന്നറിയിച്ചു സന്തോഷകരമായി എന്തെങ്കിലും കേട്ടാലുടനെ പിതാവിനും പുത്രനും പരിശുദ്ധാ

ത്മാവിനും സ്തുതിയായിരിക്കട്ടെ എന്നു വി. അല്ലോൻസ് ലിഗോരി പറഞ്ഞിരുന്നു.

ആരാധ്യമായ പ. ത്രിത്വത്തിന്റെ രഹസ്യത്തെ ഏറ്റം അഗാധമായി പഠിച്ചിട്ടുള്ള ഒരാളാണു് ഫാ. ലേസിയൂസ്. ആത്മാവിലെ ദൈവസന്നിധ്യത്തെക്കുറിച്ചു ധ്യാനിച്ചു അദ്ദേഹം തന്റെ ഭക്തിയെ പോഷിപ്പിച്ചിരുന്നു. "നാഥാ, എന്റെ ആത്മാവിന്റെ അഗാധഗർത്തത്തിൽ അങ്ങു സന്നിധിയിലുള്ള എന്റെ വ്യക്തിയെത്തന്നെ വലിക്കേണമെ, അവിടെ ലോകബന്ധങ്ങളിൽനിന്നും ഞങ്ങളെ അകറ്റുന്ന നിരവധി ആശ്രയങ്ങളിൽനിന്നും അകന്നു", അങ്ങെ അനുഭവിക്കുന്നതിനും, അങ്ങെ സ്നേഹിക്കുന്നതിനും, അങ്ങെ വണങ്ങുന്നതിനും, അങ്ങെ സ്തുതിക്കുന്നതിനുംവേണ്ടി ഞാൻ അങ്ങയോടു ഏറ്റം അടുത്തു വസിക്കും. എന്റെ പരദേശജീവിതത്തിന്റെ സങ്കടങ്ങളെ ഞാൻ അങ്ങെ ഉണർത്തിക്കും. അവിടെ അങ്ങയുടെ അടുക്കൽ ആവശ്യമായ ആശ്വാസം ഞാൻ കണ്ടെത്തും. എന്റെ ആത്മാവിന്റെ പ്രകാശവും, മാധുര്യവും ആയുള്ളോവെ, എന്നിലുള്ള അങ്ങെ സാന്നിദ്ധ്യം ഒരിക്കലും ഞാൻ വിസ്മരിക്കാതിരിക്കട്ടെ. ഞാൻ ഒരിക്കലും അങ്ങയെ മറക്കാതിരിക്കട്ടെ. എന്റെ ആത്മാവിന്റെ നയനങ്ങൾ എപ്പോഴും എല്ലായിടത്തും അങ്ങിൽ ഉറച്ചുനില്ക്കട്ടെ" ഇതായിരുന്നു അദ്ദേഹത്തിന്റെ പ്രാർത്ഥന.

ത്രിത്വത്തിന്റെ എലിസബത്തെന്ന കർമ്മലീത്താ സന്യാസിനിയുടെ 'സ്മരണകൾ' എന്ന പുസ്തകം ത്രിത്വത്തോടുള്ള ഭക്തി എന്തായിരിക്കണമെന്നും എന്തായിരിക്കണമെന്നും ഉള്ളതിന്റെ ഒരു ദീപ്തപ്രസ്താവനയാണെന്നു പറയാം. അവളുടെ പ്രാർത്ഥനകളുടെ ഒരു ഭാഗം താഴെ ഉദ്ധരിക്കുന്നു: "എന്റെ ദൈവമെ, ഞാൻ ആരാധിക്കുന്ന പ. ത്രിത്വമെ, തന്നത്താൻ പൂർണ്ണമായി മറക്കുന്നതിനും എന്റെ ആത്മാവു നിത്യത്വത്തിലായിരുന്നാൽ എന്നപോലെ നിശ്ചലമായും ശാന്തമായും അങ്ങയിൽ ഉറച്ചുനില്ക്കുന്നതിനും എന്നെ സഹായിക്കണമെ. യാതൊന്നും എന്റെ സമാധാനത്തെ ഇളക്കുകയൊ അങ്ങിൽനിന്നു മാറ്റുന്നതിനു എനിക്കിടയാക്കുകയൊ ചെയ്യുന്നതിനനുവദിക്കാതെ. മറിച്ചു", അങ്ങെ ഈ പരമരഹസ്യത്തിന്റെ അഗാധങ്ങളിലേക്കു ഓരോക്ഷണവും എന്നെ കൂടുതൽ കൂടുതൽ വഹിച്ചുകൊണ്ടു പോകേണമെ. എന്റെ ആത്മാവിനെ ശാന്തമാക്കുക. അതിനെ അവിടുത്തെ സമ്പൂർണ്ണവും ഏറ്റം ഇഷ്ടമുള്ള ഭവനവും വിശ്രമസ്ഥലവും ആക്കിയരുളു

ളുക. അവിടെ അങ്ങെ തനിയെ ആക്കീട്ട പോകുവാൻ എന്നെ അനുവദിക്കരുതെ... ഓ! പ. ത്രിത്വമെ! എന്റെ സർവ്വസ്വവുമെ! എന്റെ ഭാഗ്യമെ! അങ്ങെ ഇരയായിട്ട എന്നെ മുഴുവൻ അങ്ങേയ്ക്കു ഞാൻ സമർപ്പിക്കുന്നു. അങ്ങെ മഹത്വത്തിന്റെ ആഴത്തെ മഹത്വപ്രകാശത്തിൽ ധ്യാനിക്കുന്നതിനുള്ള ദിവസം വരുന്നതു വരെ എന്നെ അങ്ങിൽ സംസ്കരിക്കുന്നതിനായി അങ്ങെ എന്നിൽ സംസ്കരിക്കേണമെ."

ഇങ്ങനെ പ്രാർത്ഥിക്കുവാൻ ഏഛിസബത്തിനെപ്പോലെ ഒരു കമ്മലീത്താ സന്യാസിനിയൊ ഒരു വേദശാസ്ത്രപണ്ഡിതനൊ ആയിരിക്കണമെന്നു ആരെങ്കിലും വിചാരിക്കുന്നെങ്കിൽ അതു അബദ്ധമാണ്. നമ്മുടെ ആത്മാവിൽ അധിവസിക്കുന്ന പ. ത്രിത്വത്തെക്കുറിച്ചു ശരിയായ അറിവുള്ള ആർക്കും ഏതാട്ടമായ ഭക്തി ഉണ്ടാകുന്നതിൽ വിസ്മയിക്കേണ്ടതില്ല. ഏതാനും പേർക്കായി മാറിവെക്കപ്പെട്ടിരിക്കുന്ന ഒരു അസാധാരണ ഭക്തിയല്ല പ. ത്രിത്വത്തോടുള്ള ഭക്തി. അതു പരമസത്യവും അതിൽനിന്നു ഉത്ഭവമാകുന്ന ഭക്തിയും എല്ലാവർക്കും വേണ്ടിയുള്ളതാണ്.

പീറർ പോയെ (Pierre Poyet.) എന്ന വിദ്യാർത്ഥിയുടെ കാര്യംതന്നെ എടുക്കുക. സ്വന്ത വിശ്വാസത്തിലുള്ള അഭിനിവേശം ഒഴിച്ചാൽ മറ്റെല്ലാ കാര്യങ്ങളിലും ഈ യുവാവു മറ്റാരിൽനിന്നും വ്യത്യസ്ഥനായിരുന്നില്ല. അയാൾ തന്റെ പ്രഭാത പ്രാർത്ഥനസമയത്തു തന്റെ ഉള്ളിലേക്കുതന്നെ പിൻവലിഞ്ഞു അവിടെ തന്റെ ആത്മാവിലെ ദിവ്യാതിഥിയായ പ. ത്രിത്വത്തോടു സംഭാഷണം ചെയ്യുന്നതിനു ഇഷ്ടപ്പെട്ടിരുന്നു. പ്രസാദവര സ്ഥിതിയിലായിരുന്ന 20 വയസ്സുമാത്രം പ്രായമായ ഈ യുവാവിന്റെ ഹൃദയത്തിലെന്നതിനേക്കാൾ യഥാർത്ഥമായി ദൈവം എവിടെയാണുണ്ടായിരിക്കുക? ആത്മാവിലുള്ള പ. ത്രിത്വത്തിന്റെ അധിവാസം എന്ന മഹാരഹസ്യത്തിന്മേലായിരുന്ന ആ യുവഹൃദയത്തിന്റെ ആകാംക്ഷകളെല്ലാം കേന്ദ്രീകരിച്ചിരുന്നതു.

"ദൈവത്തിനു കിട്ടേണ്ടതായസ്ഥാനം നിന്റെ ഉള്ളിലുണ്ടോ?" എന്ന ഒരു സ്നേഹിതനോട അയാൾ എഴുതിച്ചോദിച്ചു. തനിക്കുവേണ്ടിത്തന്നെ ഉണ്ടാക്കിയ നിയമത്തിൽ ഇങ്ങനെ നിശ്ചയിച്ചുകാണുന്നു: "ദൈവത്തിന്റെ അസാന്നിദ്ധ്യത്തെ മാത്രം ഭയപ്പെടുന്ന ഒരാത്മാവോടുകൂടി ഇരിക്കുക"—എല്ലാറ്റിലും ഉപരിയായി ഭയപ്പെടേണ്ടതു് ഇതാകുന്നു. കാരണം അതു് ദൈവത്തെ ഹൃദയത്തിൽനിന്നു ബഹിഷ്കരിക്കുന്നു." ഈ യുവാവിനെ അവ

ന്റെ വിശ്വാസത്തിലും ഉയർന്ന അഭിലാഷങ്ങളിലും അനുകരിക്കാൻ നമ്മിൽ ആർക്കാണ് സാധിക്കാത്തത്? മനുഷ്യരിൽ ലോകായതികന്മാരും ആയവർക്ക് ഇത്ര കുറെ പ്രയാസമായി തോന്നിയേക്കാം. എന്നാൽ ദൈവത്തിന്റെ ഭവനത്തിൽ ദൈവത്തോടുകൂടെ വസിക്കുന്ന സന്യാസികൾക്ക് ഇക്കാര്യം എത്രയൊക്കുന്തൽ എളുപ്പമാണ്!

വി. അമ്മത്രേസ്യ പറയുന്നു: "പ്രസാദവരസ്ഥിതിയിലിരിക്കുന്ന ഒരാത്മാവിന്റെ അവസ്ഥ ഒരിക്കൽ പ്രാർത്ഥനാസമയത്തു നമ്മുടെ കർത്താവു എനിക്കു കാണിച്ചുതന്നു. ആത്മാവിൽ പ. ത്രിത്വത്തെ ഞാൻ കണ്ടു. ആ ദിവ്യസാന്നിദ്ധ്യത്താൽ ആത്മാവിനു ലഭിച്ച ശക്തി ലോകംമുഴുവനിന്റെമേലും ഉള്ള കർത്തൃത്വംപോലെ ആയിരുന്നു.. ദൈവത്തിനു സ്വർഗ്ഗത്തിൽ ഒരു വാസസ്ഥലമുള്ളതുപോലെ ഒന്നു മനുഷ്യാത്മാവിലും ഉണ്ട്. അതുകൊണ്ടു അതിനെ വേറൊരു സ്വർഗ്ഗമെന്നും വിളിക്കാം. ദൈവത്തിനു ഇഷ്ടമുള്ളപ്പോൾ ത്രിത്വത്തിന്റെ മൂന്നാളുകൾ തങ്ങളെത്തന്നെ ആ ആത്മാവിനു വെളിപ്പെടുത്തും... വിശ്വാസത്തിന്റെ മാത്രം വിഷയമായിരുന്നതു" ഇതുനിമിത്തം ആത്മാവു ഒരു വിധത്തിൽ കണ്ടഗ്രഹിക്കുന്നു. ശരീരത്തിന്റെയോ ആത്മാവിന്റെയോ നയനങ്ങൾകൊണ്ടു പ. ത്രിത്വത്തെ കാണുന്നില്ലെങ്കിലും മൂന്നു ദിവ്യആളുകളും ആ ആത്മാവിനോടു സംസാരിക്കയും നമ്മുടെ കർത്താവിന്റെ സുവിശേഷവാക്യങ്ങളെ — പ്രത്യേകം താൻ പിതാവിനോടും പരിശുദ്ധാത്മാവോടും കൂടിവന്നു ആത്മാവിൽ വസിക്കുമെന്നുള്ളതു"—അതിനെ നല്ലവണ്ണം ഗ്രഹിപ്പിക്കയും ചെയ്യും..... എന്റെ ദൈവമെ ഈ വാക്കുകളുടെ വെറും കേൾവിയേയും വിശ്വാസത്തെയുംകാൾ എത്ര വ്യത്യസ്തമാണ് ഇവ്വിധം ഈ വസ്തുതാബോധ്യമാകുന്നതു! ദൈനംദിനം വർദ്ധമാനമായ വിസ്മയം ഈ ആത്മാവിൽ കൂടികൊള്ളുന്നു. എന്തെന്നാൽ ഈ മൂന്നു ദിവ്യആളുകൾ ആത്മാവിൽനിന്നും വിട്ടുപോകുന്നില്ലെന്നു അറിയുന്നു. മേൽ വിവരിച്ചപോലെ അവർ ആത്മാവിന്റെ അന്തരംഗത്തു വസിക്കുന്നുവെന്ന ആത്മാവു രീച്ച്വായിട്ടു കാണുകയും ചെയ്യുന്നു. ഈ ആത്മാവു" ദൈവസാന്നിദ്ധ്യത്താൽ മത്തുപിടിച്ചു തന്നെത്താൻ മറന്നു ഒന്നും ചെയ്യാൻ വയ്യാത്ത ഒരവസ്ഥയിലാകുകയില്ലെ എന്നു നിങ്ങൾക്കു തോന്നിയേക്കാം. എന്നാൽ അങ്ങനെയല്ല. ദൈവത്രിത്വസംബന്ധിച്ച കാര്യങ്ങളിൽ അവർ മുമ്പത്തെക്കാളധികം വ്യവഹാരപ്പുള്ളവളായിരിക്കും."

ഈ വിശുദ്ധാത്മാക്കളെപ്പോലെ പ. ത്രിത്വത്തിന്റെ മൂന്നാളുകളും നമ്മോടുകൂടി ഉണ്ടെന്നുള്ള ബോധ്യം നമുക്കുണ്ടായിരുന്നാൽ വിശ്വാസവും ശരണവും സ്നേഹവും നമ്മിൽ വർദ്ധിക്കയും നാം വേഗം പരിപൂർണ്ണരായിത്തീരുകയും ചെയ്യും. അവർ നമ്മോടുകൂടി ഉണ്ടെന്നുള്ള വിചാരം ക്ലേശങ്ങളിൽ നമുക്കാശ്വാസവും, പരീക്ഷകളിൽ ധൈര്യവും, ബലഹീനതയിൽ ശക്തിയും നല്കും. തിന്മയെ വെറുത്തു നന്മചെയ്യുന്നതിനും, വിനയാഭിമുഖ്യങ്ങളെല്ലാം സമ്പാദിക്കുന്നതിനും, പീഡകളും സന്തോഷത്തോടുകൂടി സഹിക്കുന്നതിനും, ചുമതലകളെല്ലാം പൂർണ്ണമായി നിറവേറ്റുന്നതിനും ഈ ചിന്ത നമുക്കു വലിയ സഹായമായിരിക്കും.

പരിശുദ്ധ ത്രിത്വത്തെ സ്നേഹപൂർവ്വം ഓർക്കുന്നതിനും സ്തുതിക്കുന്നതിനും നമുക്കു ധാരാളം അവസരങ്ങൾ ദിവസേന ലഭിക്കുന്നുണ്ട്. വൈദികരെ സംബന്ധിച്ച് പറയുന്നതായാൽ ദിവ്യപൂജാർപ്പണവേളയിൽ ഏകദേശം 60 പ്രാവശ്യവും കാനോനിക ജപത്തിൽ സാധാരണ 77 പ്രാവശ്യവും ജപമാല 92 പ്രാവശ്യവും, പ. ത്രിത്വത്തിന്റെ നാമം ദിവസേന അവർ ഉച്ചരിക്കുന്നുണ്ട്. ഇവയ്ക്കു പുറമെ കുരിശടയാളം വരയ്ക്കുമ്പോഴും മറ്റുമായി ഒട്ടുവളരെ പ്രാവശ്യം പ. ത്രിത്വത്തെ ഓർക്കുവാൻ അനുദിനം ഏവർക്കും ധാരാളം അവസരം കിട്ടുമെന്നു നോക്കിയാൽ കാണാവുന്നതാണ്. ഇവയിലെല്ലാം വെച്ചു പതിവെന്നോണമോ ഒരു യന്ത്രത്തിന്റെ പണിപോലെയോ ആകാതെ ഹൃദയപൂർവ്വം സ്നേഹത്തോടും വണക്കത്തോടുംകൂടി ആരാധ്യമായ ആ തിരുനാമങ്ങളെ ഉച്ചരിക്കയും അതേസമയത്തുതന്നെ അവർ മൂവരെയല്ല നമ്മുടെ ആത്മാവിൽത്തന്നെ അധിവസിക്കുന്നു എന്നോർക്കുകയും അതിനു നന്ദി പ്രദർശിപ്പിക്കയും ചെയ്യുന്നതു് നമ്മുടെ പുണ്യപൂർണ്ണതക്കു ഏറ്റവും പറ്റിയ മാർഗ്ഗമാണ്. ഇതു വളരെ പ്രാവശ്യം നമ്മുടെ സർവ്വസ്വവുമായ പരിശുദ്ധ ത്രിത്വത്തെ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നതിനു അവസരം കിട്ടുന്നതു് മഹാഭാഗ്യമായി കരുതേണ്ടതാണ്. നമുക്കു മനസ്സുണ്ടെങ്കിൽ അനഘ നിക്ഷേപമത്രേ അതുവഴി നമുക്കു സ്വർഗ്ഗത്തിൽ രേഖരിക്കാവുന്നതു്.

III
F-43